(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : പ്ലീസ്.......പ്ലീസ്.....ഓർഡർ......ഓർഡർ....

ചോദ്യം നമ്പർ: *91

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

(*91) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എ. കെ. ബാലൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിപണിയിലെ അതിരൂക്ഷമായ വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിന് ഫലപ്രദമായ നടപടികൾ

സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുവിപണിയിൽ ഇടപെടുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് സഹായം നൽകുന്നതിന് പകരം പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന അവശ്യ വസ്തുക്കളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ, നടപടി ഉചിതമാണെന്ന് കരുതുന്നുണ്ടോ;

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ എന്ത് തുക കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) ചില ഇനങ്ങൾക്ക് വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല, ബാധകമല്ല.

(സി) ഉണ്ട്.

(ഡി) പൊതുവിപണിയിൽ ഇടപെടുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ ധനസഹായം നൽകുന്നുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയിൽ 64 കോടി രൂപയും സപ്ലൈകോയ്ക്ക്

നൽകിയിട്ടുണ്ട്. കൂടാതെ 35 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ............ (ബഹളം)...........

മി. സ്പീക്കർ: ശ്രീ. സി. കൃഷ്ണൻ, അങ്ങ് ചോദ്യം ചോദിക്കുന്നുണ്ടോ?

ശ്രീ. സി. കൃഷ്ണൻ: സർ, രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റമാണ്. കേരളത്തിൽ അതിരൂക്ഷമാകുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ............(ബഹളം)...........

മി. സ്പീക്കർ: ചോദ്യം ചോദിക്കാൻ അനുവദിക്കില്ലേ?

ശ്രീ. സി. കൃഷ്ണൻ: യാതൊരു നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നില്ല. പൊതുകമ്പോളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം വർദ്ധിക്കുകയാണ്. ഒരു കിലോഗ്രാം തുവര പരിപ്പിന്റെ വില 218 രൂപയും ഉഴുന്നുപരിപ്പിന്റെ വില 210 രൂപയും കടലപ്പരിപ്പിന്റെ വില 160 രൂപയുമാണ്. വിക്കയറ്റം മൂലം ജനജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. സി. കൃഷ്ണൻ, ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. സി. കൃഷ്ണൻ: വിലനിയന്ത്രിക്കാൻ കമ്പോളത്തിൽ ഇടപെട്ടുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഇതിനുമുമ്പ് നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ഇന്ന് പൊതുവിതരണ ശാലകൾ തീർത്തും നിർജ്ജീവമാക്കിയിരിക്കുന്നു. വില

നിയന്ത്രിക്കുന്നതിനുവേണ്ടി ഫലപ്രദമായ ഇടപെടൽ ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

...(ബഹളം)......

മി. സ്പീക്കർ: പ്ലീസ്.... .....(ബഹളം)....... എല്ലാവരും സീറ്റിൽ ഇരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങൾ പ്രതിഷേധത്തിന്റെ ഭാഗമായിട്ടാണ് നിൽക്കുന്നത്. ഭരണ പക്ഷത്തുള്ളവരോട് ഇരിക്കാൻ പറയണം.

മി. സ്പീക്കർ: ദയവായി സഭയുടെ രണ്ട് ഭാഗത്തുള്ളവരും സീറ്റിൽ ഇരിക്കണം. ഇത് ചോദ്യോത്തര സമയമാണ്. ..........(ബഹളം)........... മിനിസ്റ്റർ മറുപടി പറയൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയങ്ങളിൽ ഒന്ന്, തുവര, പരിപ്പ്, കടല ഉൾപ്പെടെയുള്ള സാധനങ്ങളുടെ വില വർദ്ധിച്ചുവെന്നതാണ്..........(ബഹളം)...........

മി. സ്പീക്കർ: ചോദ്യോത്തര സമയത്ത് ബഹളം വയ്ക്കുന്നത് ശരിയല്ല. നമ്മുടെ നിയമസഭയ്ക്ക് ഒരു നിലവാരമുണ്ട്. ആ നിലവാരത്തിന് വിരുദ്ധമായി പ്രവർത്തിക്കരുത്. ചോദ്യോത്തര സമയം സഹകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: സർ, പരിപ്പ് വർഗ്ഗങ്ങളുടെ വില വർദ്ധനവ്

സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ നടന്ന അടിയന്തര പ്രമേയത്തിൽ ഞാൻ സൂചിപ്പിച്ചതാണ്. പരിപ്പ് വർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ആ സന്ദർഭത്തിൽ തന്നെ അത്തരം മേഖലകളിൽ ഇടപെടാൻ ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ട്. അതിനായി ഈ മേഖലയിലുള്ള വ്യാപാരികളുമായി ചർച്ച നടത്തുകയും റെയ്ഡുകൾ ശക്തമാക്കുകയും ചെയ്തിരുന്നു. അതിനനുസൃതമായി സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ ഉൽപ്പന്നങ്ങൾ ലഭ്യമായിരുന്നുവെന്ന് കൃത്യമായി ഉറപ്പുവരുത്തിയിരുന്നു. ഇതിന്റെ ഭാഗമായി പരിപ്പുവർഗ്ഗങ്ങളുടെ വില വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. വിലയിൽ നേരിയ തോതിലുള്ള കുറവ് കാണാൻ കഴിയുന്നുണ്ട്. ഗവൺമെന്റ് ഫലപ്രദമായ നിലയിൽ തന്നെ വിപണി ഇടപെടൽ നടത്തുന്നുണ്ട്.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, പൊതു വിതരണ ശാലകളായ നന്മ, നീതി, ത്രിവേണി തുടങ്ങിയ സ്റ്റോറുകളിൽ നിന്നും സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങൾ അപ്രത്യക്ഷമായിരിക്കുകയാണ്. അതിനുപകരം വില കൂടിയ ശബരി ബ്രാന്റിലുള്ള സാധനങ്ങൾ കൊണ്ടുവയ്ക്കുകയും അതുവാങ്ങാൻ സാധാരണ ജനങ്ങളെ നിർബന്ധിക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ പറയുന്നത്, ഇത്തവണ മാർക്കറ്റിൽ ഇടപെടുന്നതിനായി 65 കോടി

രൂപ സർക്കാർ അനുവദിച്ചുവെന്നും അതിൽ 64 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടെന്നുമാണ്. അതുകൊണ്ടൊന്നും ഇവിടത്തെ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. സാധനങ്ങൾ സപ്ലൈ ചെയ്ത വ്യാപാരികൾക്ക് തന്നെ 400 കോടിയിലധികം രൂപ കൊടുക്കാനുണ്ട്. പൊതുവിൽപ്പന ശാലകൾ വഴി നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് അടച്ചുപൂട്ടലിന്റെ വക്കിലാണ്; പലതും അടച്ചുപൂട്ടിക്കഴിഞ്ഞു. ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; സാധാരണ ജനങ്ങളെ സഹായിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, സപ്ലൈകോയുടെ ഒരു സ്റ്റോർ പോലും അടച്ചുപൂട്ടിയിട്ടില്ല. കഴിഞ്ഞ നാലുവർഷമായി ഏകദേശം 200 സ്റ്റോറുകൾ സപ്ലൈകോ പുതിയതായി ആരംഭിച്ചിട്ടുണ്ട്. സപ്ലയേഴ്സിന് ഒരു തുകയും കുടിശ്ശികയില്ല. അതേസമയം ശബരി ബ്രാന്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളിൽ കൂടി വിൽപ്പന നടത്തുന്നുണ്ട്. അത് സപ്ലൈകോയുടെ തനതായ ബ്രാന്റുകളാണ്. കഴിഞ്ഞ കാലങ്ങളിലും വിവിധ ഉൽപ്പന്നങ്ങൾ സപ്ലൈകോ വഴി കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ

വന്നതിനുശേഷം ശബരിയുടെ 12 പുതിയ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ട്. സപ്ലൈകോയിലൂടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, സബ്സിഡി സാധനങ്ങളുടെ വിൽപ്പനയെ ബാധിക്കുകയോ കുറവ് വരികയോ ചെയ്യുന്നില്ല. സബ്സിഡി സാധനങ്ങളോടൊപ്പം ശബരി ഉൽപ്പന്നങ്ങളും വിൽക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 77 പഞ്ചായത്തുകളിൽ സപ്ലൈകോയുടെ സ്റ്റോറുകൾ ഇല്ലായിരുന്നു. അതിൽ ഇനി 39 പഞ്ചായത്തുകളിൽ മാത്രമാണ് സപ്ലൈകോയുടെ സ്റ്റോറുകൾ ആരംഭിക്കാനുള്ളത്. സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ബി.പി.ൽ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിരുന്ന അരി 25 കിലോഗ്രാമിൽ നിന്ന് 17 കിലോഗ്രാമായും 10 കിലോഗ്രാം ഗോതമ്പ് 4 കിലോഗ്രാമായും എ.പി.എൽ വിഭാഗത്തിന് നൽകുന്ന അരി 10 കിലോഗ്രാമിൽ നിന്ന് 4 കിലോഗ്രാമായും 4 കിലോഗ്രാം ഗോതമ്പ് 2 കിലോഗ്രാമായും കുറച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഒന്നും കുറച്ചിട്ടില്ലെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി എന്റെ കൂടെ അട്ടപ്പാടി മേഖലയിലെ ഊരുകളിലേയ്ക്ക് വരുമോ? അവിടെയുള്ള പാവങ്ങൾക്ക് പണിയില്ലാത്തതിനാൽ

ആരും റേഷൻ കടകളിലേയ്ക്ക് പോകുന്നില്ല; അവിടെ പട്ടിണിയാണ്. അവർക്ക് വൈദ്യുതിയോ, മണ്ണെണ്ണയോ നൽകുന്നില്ല. ഈ വകുപ്പ് കൈകാര്യം ചെയ്യുന്നതിന് രണ്ട് മന്ത്രിമാരുണ്ട്. ഈ പാവങ്ങൾക്ക് ഭക്ഷണ സാധനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള ബാദ്ധ്യത ഗവൺമെന്റിനില്ലേ? ഈ മാസം ക്രിസ്തുമസ് വരുന്നുണ്ട്. ഭക്ഷ്യ സാധനങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണ്ടേ?

<u>മി. സ്പീക്കർ</u>: ശ്രീ. എ.കെ. ബാലൻ, ഞാൻ ഒരു കാര്യം പറയട്ടെ. ഇന്നലെ രണ്ട് ചോദ്യങ്ങൾ മാത്രമാണ് സഭയിൽ എടുത്തത്. നാല് ചോദ്യങ്ങളെങ്കിലും ഒരു ദിവസം എടുക്കണം. ചോദ്യങ്ങൾ ചോദിക്കുന്നവർ കൂടുതൽ സംസാരിക്കുന്നതുകൊണ്ടാണ് കൂടുതൽ ചോദ്യങ്ങൾ സഭയിൽ എടുക്കാൻ കഴിയാത്തത്. ചുരുക്കി ചോദിച്ചാൽ നാല് ചോദ്യങ്ങളെങ്കിലും സഭയിൽ എടുക്കാൻ കഴിയും.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, സാധാരണ ഞാൻ സപ്ലിമെന്ററി ചോദ്യങ്ങൾ വളരെ ചുരുക്കിയാണ് ചോദിക്കാറ്. ഗവൺമെന്റ് പ്രഖ്യാപിച്ച എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന അരി പാവങ്ങൾക്ക് ഉറപ്പുവരുത്തുന്നുണ്ടെന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകുമോ; ഇതുമായി ബന്ധപ്പെട്ട് എന്റെ കൂടെ രണ്ട് ദിവസമെങ്കിലും ആദിവാസി ഊരുകളും

റേഷൻ കടകളും സന്ദർശിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, APL, BPL, AAY എല്ലാ വിഭാഗക്കാർക്കും ഗവൺമെന്റ് കൊടുക്കുന്ന തോതിൽ തന്നെ ഇന്നും കൊടുക്കുന്നുണ്ട്. 2011 മുതൽ ഇതുവരെ ഗവൺമെന്റ് APL വിഭാഗക്കാർക്ക് അരിയും ഗോതമ്പും ഉൾപ്പെടെ 11 കിലോയാണ് കൊടുക്കുന്നത്. BPL വിഭാഗക്കാർക്ക് അരി മാത്രം 25 കിലോ കൊടുക്കുന്നുണ്ട്. അതിന് ഒരു കുറവും വരുത്തിയിട്ടില്ല. അദ്ദേഹം ഇപ്പോൾ സൂചിപ്പിച്ച കാര്യം (........ബഹളം.............) ഞാൻ ഉത്തരം പറഞ്ഞതിനുശേഷം പ്രതികരിക്കൂ.

മി. സ്പീക്കർ: യെസ്...യെസ്....മിനിസ്റ്റർ പറയട്ടെ, പ്ലീസ് മിനിസ്റ്റർ പറയട്ടെ.....(.......ബഹളം......)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇതിനകത്ത് രണ്ട് മാസം മുമ്പ് കേന്ദ്ര ഗവൺമെന്റ് അതിന്റെ വിഹിതം കുറയ്ക്കുന്ന ഒരു സാഹചര്യം വന്നിരുന്നു. ആ വിഷയം വീണ്ടും കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് ഞങ്ങൾ ടേക്കപ്പ് ചെയ്തിരുന്നു. കേരളത്തിന് കുറച്ച വിഹിതം വീണ്ടും പുനഃസ്ഥാപിച്ച് ലഭിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതിനകത്ത് ഒരു കുറവും വരുത്തിയിട്ടില്ല. ഇതേ നിലയിൽ തന്നെ കൊടുക്കുന്നുണ്ട്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലുള്ള

വിഷയങ്ങൾ അദ്ദേഹം പല സന്ദർഭങ്ങളിൽ ഉന്നയിച്ചിട്ടുണ്ട്. ആ പ്രദേശങ്ങളിൽ കൃത്യമായ നിലയിൽ ഒരു മോണിറ്ററിംഗ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുമുണ്ട്. ആ മേഖലകളിലെ റേഷൻ കടകളുടെ പ്രവർത്തനങ്ങളും അവിടെനിന്നുമുള്ള വിതരണ തോതും കൃത്യമായ നിലയിലുള്ള പരിശോധനയ്ക്കും നിയന്ത്രണത്തിനും വിധേയമായിട്ടാണ് ഇന്ന് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. കൂടാതെ ട്രൈബൽ മേഖലയിലുള്ള റാഗിയുടെ പ്രൊക്യൂയർമെന്റും വിതരണവും നടക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരമാണ്. പൊതുവിതരണ വകുപ്പിന് ഇടപെടാൻ കഴിയുന്ന എല്ലാ നിലയിലുള്ള ഇടപെടലുകളും ഇന്ന് ആദിവാസി മേഖലകളിൽ നടത്തുന്നുണ്ട്. ഞാൻ വരണമെന്ന് നിർബന്ധമുണ്ടെങ്കിൽ വരാം, എനിക്കൊരു തടസ്സവുമില്ല.

മി. സ്പീക്കർ : അങ്ങയുടെ ചോദ്യം ചോദിച്ചു കഴിഞ്ഞു. പ്ലീസ് ..... പ്ലീസ് ........ ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ......പ്ലീസ്....... പ്ലീസ് (..........ബഹളം........) ബഹുമാനപ്പെട്ട ശ്രീ. എസ്. രാജേന്ദ്രൻ ചോദ്യം ചോദിക്കു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലം സാധാരണ കൃഷിക്കാരും തോട്ടം തൊഴിലാളികളും ഉൾപ്പെടുന്ന ആദിവാസി മേഖലയാണ്. തോട്ടം മേഖലയിൽ ഇപ്പോൾ കൂലി വർദ്ധനവ് ഉണ്ടായാലും ഇന്നത്തെ ജീവിത

സാഹചര്യത്തിൽ കുടുംബാംഗങ്ങളുടെ അംഗസംഖ്യ വച്ച് ഈ കൂലികൊണ്ട് ജീവിക്കാനാവില്ല. കൂലി കൂടുന്നതിനേക്കാൾ അധിക വേഗതയിലാണ് സാധനങ്ങളുടെ വിലക്കയറ്റം കൂടുന്നത്. DDC ൽ പല ഘട്ടങ്ങളിലും ഉന്നയിക്കുകയും ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഒരു കാര്യമുണ്ടായിരുന്നു. അവിടെ വെള്ളയരി വേണ്ട സ്ഥലത്ത് കുത്തരി കൊടുക്കുക, കുത്തരി വേണ്ട സ്ഥലത്ത് വെള്ളയരി കൊടുക്കുക, അതുകൊണ്ട് രണ്ടരിയും രണ്ട് കൂട്ടരും വാങ്ങിക്കാതിരിക്കുകയും എന്നാൽ എല്ലാക്കാലവും ഈ അരി ചിലവാകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു തട്ടിപ്പ് സാധാരണഗതിയിൽ ബോധപൂർവ്വമായിട്ടല്ലെങ്കിലും അവിടെ നടക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുവാനും റേഷൻ കടകളെ ആശ്രയിക്കുന്ന ആദിവാസികളുടെയും തോട്ടം മേഖലയിലെ സാധാരണ കൃഷിക്കാരുടെയും ജീവിത നിലവാരം പിടിച്ചു നിർത്തുന്നതിനുവേണ്ടിയിട്ടുള്ള ഇടപെടൽ ഗവൺമെന്റിൽ നിന്നും ഉണ്ടാകാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ആഗ്രഹിക്കുന്നത്?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, FCI ൽ നിന്നും കുത്തരിയും വെള്ളയരിയും കിട്ടുന്നതിനനുസൃതമായാണ് പലപ്പോഴും വിതരണം നടത്തുന്നത്. ഓരോ പ്രദേശത്തിന്റെയും ആവശ്യത്തിനനുസൃതമായി; അദ്ദേഹം സൂചിപ്പിച്ചതുപോലെ

കുത്തരി ആവശ്യമുള്ള സ്ഥലങ്ങളുണ്ട്, ചിലയിടത്ത് വെള്ളയരിയാണ് ആവശ്യം. അത്തരം സ്ഥലങ്ങളിൽ അത് ലഭ്യമാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് FCI യോട് ആവശ്യപ്പെടാറുണ്ട്. അതിന്റെ ലഭ്യതക്കുറവ് കൊണ്ടാണ് ഇത്തരത്തിൽ വിഷയങ്ങൾ വരുന്നത്. അക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, സബ്സിഡിയുള്ള സാധനങ്ങൾ വാങ്ങാൻ വരുന്ന ഉപഭോക്താക്കൾ മറ്റ് സാധനങ്ങൾ കൂടി ഇത്തരം സ്റ്റോറുകളിൽ നിന്നും വാങ്ങാറുണ്ടായിരുന്നു. എന്നാൽ ലാഭം വർദ്ധിപ്പിക്കണം എന്ന നിർദ്ദേശംമൂലം മറ്റ് സാധനങ്ങൾക്ക് വില വർദ്ധിച്ചത് കാരണം മൊത്തം വിറ്റുവരവ് മൂന്നിലൊന്നായി കുറഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ലാഭം ഉണ്ടാക്കുകയല്ല, വില കുറച്ച് സാധനങ്ങൾ വിറ്റ് മാർക്കറ്റിൽ ഇടപെടുകയാണ് വേണ്ടതെന്ന അടിസ്ഥാന തത്വം പാലിക്കാൻ സർക്കാർ ശ്രദ്ധിക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത്?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ വിലക്കുറച്ചുതന്നെയാണ് സാധനങ്ങൾ കൊടുക്കുന്നത്. സപ്ലൈകോയുടെ വിറ്റുവരവിൽ കുറവുണ്ടായിട്ടില്ല, അത് വർദ്ധിതമായിട്ടുണ്ട്. അതിന്റെ കണക്ക് ഇപ്പോൾ എന്റെ കയ്യിലില്ല. സപ്ലൈകോയുടെ വിറ്റുവരവ് വർദ്ധിതമായിട്ടേയുള്ളൂ. അല്ലാതെ കുറവ് വന്നിട്ടില്ല.

ലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമല്ല സിവിൽ സപ്ലൈസ് കോർപ്പറേഷൻ. അത് സേവന മേഖലയായി കണക്കാക്കിക്കൊണ്ട് ആ മേഖലയിൽ ജനങ്ങൾക്ക് ഏറ്റവും ന്യായമായ വിലയിൽ സാധനങ്ങൾ എത്തിക്കുക എന്നുള്ളത് തന്നെയാണ് ലക്ഷ്യം വച്ചിരിക്കുന്നത്. സപ്ലൈകോ സാധനങ്ങൾ വില കുറച്ച് തന്നെയാണ് കൊടുക്കുന്നത്. പൊതു കമ്പോളത്തേക്കാൾ 52% വരെ വിലക്കുറവിൽ സബ്സിഡി സാധാനങ്ങൾ സപ്ലൈകോ ഇപ്പോഴും വില്പന നടത്തുന്നുണ്ട്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ നമ്മുടെ ന്യായവില ഷോപ്പുകളും സപ്ലൈകോയും വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഒരു പഞ്ചായത്തിന് ഒരു മാവേലി സ്റ്റോർ അല്ലെങ്കിൽ നിശ്ചിത തോതിലുള്ള സപ്ലൈകോ സ്റ്റോർ, അത് മുൻസിപ്പൽ പ്രദേശങ്ങളിലും കോർപ്പറേഷൻ പ്രദേശങ്ങളിലും മാത്രം എന്നുള്ള നിലപാട് മാറ്റി ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം മാവേലി സ്റ്റോറുകളും സപ്ലൈകോ സ്റ്റോറുകളും അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ആവശ്യമുള്ള എല്ലാ സ്ഥലങ്ങളിലും സപ്ലൈ-കോ സ്റ്റോറുകൾ ആരംഭിക്കുന്നുണ്ട്. സപ്ലൈകോ സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് പ്രയോർട്ടൈസ് ചെയ്ത് കൊടുക്കണമെന്നൊരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഇനിയും 39 പഞ്ചായത്തുകളിലും കൂടി കേരളത്തിൽ

ആരംഭിക്കേണ്ടതായിട്ടുണ്ട്. സ്വാഭാവികമായും പ്രയോർട്ടൈസ് അതിലേയ്ക്ക് തന്നെയാണ്. വലിയ പഞ്ചായത്തുകളാണെങ്കിൽ അതിന്റെ വ്യാപ്തിക്കനുസൃതമായി മറ്റൊരു സ്റ്റോറുകൂടി അനുവദിക്കുന്നതിൽ തടസ്സമില്ല.

ശ്രീ. കെ. വി. വിജയദാസ്: സർ, നെല്ലിന്റെ സംഭരണ വില 21 രൂപ 50 പൈസയായി ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. പക്ഷേ, 19 രൂപയാണ് കൊടുത്തുവരുന്നത്. കർഷകർക്ക് 19 രൂപയാണ് ലഭിക്കുന്നത്. നെല്ലിന്റെ സംഭരണവില 21 രൂപ 50 പൈസയായി കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ സീസണിൽ എല്ലാ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില 21 രൂപ 50 പൈസയായിത്തന്നെ കൊടുക്കും. ആദ്യം ഇതിന്റെ ഓർഡർ ഇറങ്ങാൻ ഒരു മാസം വൈകിയിരുന്നു. അതുകൊണ്ടാണ് ഇതിലൊരു ബുദ്ധിമുട്ട് വന്നത്. ആദ്യം 19 രൂപ വച്ചാണ് കൊടുത്തത്. ആ 19 രൂപവെച്ച് കൊടുത്തവർക്കും ബാക്കി തുകയുംകൂടി ചേർത്ത് 21 രൂപ 50 പൈസയായിത്തന്നെ ഈ സീസണിൽ സംഭരിച്ച എല്ലാ കർഷകർക്കും കൊടുക്കും.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, വിലക്കയറ്റം രൂക്ഷമായ സാഹചര്യം കണക്കിലെടുത്ത് സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. മാവേലി സ്റ്റോർ, നന്മ, ത്രിവേണി,

മൊബൈൽ സ്റ്റോർ തുടങ്ങിയവ ഫലപ്രദമായി പ്രവർത്തിച്ചാൽത്തന്നെ കുറേ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. അതോടൊപ്പം തന്നെ ഗ്രാമ പ്രദേശങ്ങളിൽ ഈ ഭക്ഷ്യ വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭിക്കാൻ പുതിയ സ്റ്റോറുകൾ ആരംഭിക്കുകയോ അല്ലെങ്കിൽ റേഷൻ ഷോപ്പുകൾ മുഖേന അത്യാവശ്യ ഭക്ഷ്യ വസ്തുക്കൾ സാധാരണക്കാർക്ക് കൊടുക്കാനുള്ള സംവിധാനം ക്രിയാത്മകമായി ആരംഭിക്കാൻ സാധിക്കുമോ; അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പൊതുവിതരണ കേന്ദ്രങ്ങൾ വഴിയുള്ള വില്പന കൃത്യമായ നിലയിൽ മുന്നോട്ട് കൊണ്ട് പോകുന്നു. 13 സബ്സിഡി സാധനങ്ങൾ സപ്ലൈകോയുടെ ഔട്ട്ലെറ്റ്സിലൂടെ വില്ക്കുന്നു. റേഷൻ കടകളിലൂടെ അരിയും ഗോതമ്പും പഞ്ചസാരയും BPL വിഭാഗങ്ങൾക്ക് ഉൾപ്പെടെ ഗവൺമെന്റ് കൊടുക്കുന്നു. ഇന്നുണ്ടാകുന്ന വിലക്കയറ്റത്തിൽ നിന്നും ജനങ്ങൾക്ക് വലിയൊരു ആശ്വാസം പകരുവാൻ പൊതുവിതരണ സംവിധാനത്തിന്റെ കാര്യക്ഷമമായ ഇടപെടൽ വഴി കഴിയുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കൃത്യമായി 224 പുതിയ ഔട്ട്ലെറ്റുകളാണ് കേരളത്തിൽ ആരംഭം കുറിച്ചിട്ടുള്ളത്.

<u>ശ്രീ. സാജു പോൾ</u>: സർ, ഈ സർക്കാർ വിലക്കയറ്റം തടയാൻ നടപടി സ്വീകരിച്ചുവെന്ന് പറഞ്ഞാൽ അരിയാഹാരം കഴിക്കുന്ന ആർക്കുമത് വിശ്വസിക്കാൻ

കഴിയില്ല. തൊട്ടടുത്ത തമിഴ്നാട്ടിലുൾപ്പെടെ മാതൃകാപരമായി ജനങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ എത്തിക്കാൻവേണ്ടി നടപടി സ്വീകരിക്കുന്നു. അതുപോലെതന്നെ എറണാകുളത്ത് കിഴക്കമ്പലത്തെ 'ട്വന്റി ട്വന്റി' എന്ന കൂട്ടായ്മ മാർക്കറ്റ് വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ, പച്ചക്കറി, ഗൃഹോപകരണങ്ങൾ ഇതെല്ലാം ജനങ്ങൾക്ക് ലഭ്യമാക്കി വളരെ മാതൃകാപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒരു പഞ്ചായത്തിൽ ജനകീയ കൂട്ടായ്മയ്ക്ക് കാഴ്ചവയ്ക്കാൻ കഴിയുന്ന പ്രവർത്തനം എന്തുകൊണ്ട് സർക്കാരിന്റെ പിൻബലത്തിൽ സപ്ലൈകോയും അതുപോലെ കൺസ്യൂമർഫെഡും ഉൾപ്പെടെയുള്ള പൊതുവിതരണ സമ്പ്രദായങ്ങൾക്ക് നടപ്പാക്കാൻ കഴിയുന്നില്ലായെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, 'ട്വന്റി ട്വന്റി' ഒരൊറ്റ പഞ്ചായത്തിലേയുള്ളൂ. എന്നാൽ സപ്ലൈകോ കേരളത്തിലെ 39 പഞ്ചായത്തുകൾ ഒഴികെ എല്ലാ പ്രദേശങ്ങളിലുമുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, വിലക്കയറ്റത്തിന്റേതായ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇതര സംസ്ഥാനങ്ങളിലെ വിലക്കയറ്റവുമായി കമ്പെയർ ചെയ്യുമ്പോൾ കേരളത്തിൽ വില പിടിച്ചുനിർത്താൻ കഴിയുന്നുവെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. അതുസംബന്ധിച്ച് സർക്കാരിന് വ്യക്തമായ കണക്കുകളുണ്ടോ;

അങ്ങനെയൊരു കംപാരിസൺ സർക്കാർ നടത്തിയിട്ടുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഉണ്ട്. ഏറ്റവുമൊടുവിലത്തെ കണക്ക് അനുസരിച്ച്, തുവര പരിപ്പിന്റെ വില പരിശോധിച്ചു കഴിഞ്ഞാൽ കേരളത്തിൽ ഇന്ന് സ്റ്റേറ്റ് ആവറേജ് വില 170 ആണ്. എന്നാൽ കർണ്ണാടകയിലെ വില 171 ൽ നിൽക്കുന്നു. അതോടൊപ്പം മംഗലാപുരത്തെ റേറ്റ് എടുത്താൽ 172 ൽ നിൽക്കുന്നു. ഞാൻ പറഞ്ഞു വരുന്നത് തുവര പരിപ്പ് ഏറ്റവും വില വർദ്ധിതമായി നിൽക്കുന്ന സാധനമാണ്. സൗത്ത് ഇന്ത്യൻ സ്റ്റേറ്റ്സുമായി നോക്കുമ്പോൾ കേരളത്തിൽ വില കുറഞ്ഞ് നിൽക്കുന്ന കാര്യമാണ് സ്റ്റേറ്റ് ആവറേജ് എടുത്ത് നോക്കുമ്പോൾ കാണുവാൻ കഴിയുന്നത്. കഴിഞ്ഞ മൂന്ന് വർഷം പരിശോധിച്ചു കഴിഞ്ഞാൽ അരിയുടെ വിപണി വില സ്റ്റേബിളായിത്തന്നെ നിൽക്കുകയാണ്. അതിനൊരു വർദ്ധനവ് ഉണ്ടായിട്ടില്ല.

.......ബഹളം.......

മി. സ്പീക്കർ : യെസ്......യെസ്....പ്ലീസ് .....

ശ്രീ. ഇ. കെ. വിജയൻ: സർ, മാവേലിയുടെയും നീതിയുടെയും അർത്ഥം ചോർന്നുപോയ സാഹചര്യമാണ് ഇപ്പോൾ കേരളത്തിലുള്ളത്. വലിയ തോതിലുള്ള വിലകയറ്റമുണ്ട് എന്നുള്ള കാര്യത്തിൽ തർക്കമില്ല. അപ്പുറത്തും ഇപ്പുറത്തും

അതിനെക്കുറിച്ച് തർക്കിക്കേണ്ട കാര്യവുമില്ല. അതിന്റെ ഭാഗമായി നമ്മുടെ മാർക്കറ്റിൽ വരുന്നത് വലിയ തോതിലുള്ള കീടനാശിനികൾ ഉപയോഗിക്കുന്ന ഭക്ഷ്യ വസ്തുക്കളാണ്. അതുപോലെ, നെല്ല് കുത്തി അരിയാക്കുന്നതിനുപകരം കൃത്രിമ അരി മാർക്കറ്റിൽ വരുന്നു. ധാരാളമായി മായം ചേർത്ത വെളിച്ചെണ്ണയാണ് മാർക്കറ്റിൽ വരുന്നത്. അതൊരു പെട്രോളിയം ഉൽപ്പന്നമാണ്. വലിയ തോതിൽ ക്യാൻസർ ഉണ്ടാക്കുന്ന രീതിയിലേയ്ക്ക് നമ്മുടെ മാർക്കറ്റിൽ ഇതുപോലുള്ള സാധനങ്ങൾ ഡംപ് ചെയ്തിരിക്കുകയാണ്. ഇത് തടയുവാൻ ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഇത് ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റാണ് നോക്കേണ്ടത്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് ഫുഡ് സേഫ്റ്റി അതോറിറ്റി. ഇത്തരത്തിലുള്ള പരിശോധനകൾ കർശനമായ നിലയിൽത്തന്നെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്തിൽ കേരളത്തിൽ നടക്കുന്നുണ്ട്. അതിന്റെ പീരിയോഡിക്കൽ റിപ്പോർട്ട് ഗവൺമെന്റിന് ലഭ്യമാകുന്നുണ്ട്.

<u>ശ്രീ. സി. മോയിൻകുട്ടി:</u> സർ, നമ്മുടെ ഔട്ട്‌ലെറ്റുകളിൽ കൃത്യമായി സബ്സിഡി നിരക്കിലുള്ള ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത് കുറയുന്നുണ്ടെന്നതാണ് പലപ്പോഴും പരാതി. ഇത് കൃത്യമായി റിപ്പോർട്ട് ചെയ്യുന്ന

കാര്യത്തിൽ ഔട്ട്ലെറ്റ് മാനേജ്മെന്റ് ശ്രദ്ധിക്കുന്നുണ്ടോ; അങ്ങനെ ശ്രദ്ധിച്ചാൽത്തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, സാധനങ്ങളുടെ ലഭ്യതയെ സംബന്ധിച്ച് പീരിയോഡിക്കലായി അവർ റിപ്പോർട്ടുകൾ അയയ്ക്കുന്നുണ്ട്. അതിനനുസൃതമായി സാധാനങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട ഔട്ട്ലെറ്റുകളിൽ എത്തിക്കുന്നുണ്ട്. ഒപ്പംതന്നെ എല്ലാ മാവേലി സ്റ്റോറുകളിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ട പഞ്ചായത്ത് ഭരണസമിതികൾക്ക് മുൻകൈ എടുത്ത് ആ കമ്മിറ്റികൾ വിളിച്ചുചേർക്കാവുന്നതാണ്. അതിനൊരു സർക്കുലർ കൊടുത്തിട്ടുണ്ട്. സർക്കുലർ പ്രകാരം ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് അവിടത്തെ വാർഡ് മെമ്പർ എന്നിവർ ഉൾപ്പെടുന്ന ഒരു ഉപഭോക്തൃ സമിതി എല്ലാ മാവേലി സ്റ്റോറുകളും കേന്ദ്രീകൃതമായിട്ടുണ്ട്. അത്തരത്തിലുള്ള വിഷയങ്ങളിൽ വരുന്ന പരാതികളും കാര്യങ്ങളും ജനങ്ങൾക്കുകൂടി അറിയുന്നതിനുവേണ്ടി ജനങ്ങളുമായി ബന്ധപ്പെട്ട് നിങ്ങാനുള്ള ഒരു സംവിധാനമാണ് ഗവൺമെന്റ് ഒരുക്കിയിരിക്കുന്നത്. സാധനങ്ങളുടെ കുറവ് വരുന്നതനുസരിച്ച് എല്ലാ ഔട്ട്ലെറ്റുകളിലേയ്ക്കും സാധനങ്ങൾ എത്തിക്കുന്ന ഒരു സംവിധാനമാണ് ഇപ്പോൾ

സപ്ലൈകോയ്ക്ക് ഉള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇവിടെ പരിപ്പിന്റെയും പയറിന്റെയും അരിയുടെയും എന്നിങ്ങനെ സകല സാധനങ്ങളുടെയും വില വർദ്ധിക്കുക മാത്രമല്ല സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ പരിപ്പിളക്കിയിരിക്കുകയാണ് ഈ ഗവൺമെന്റ്. എന്നുമാത്രമല്ല, ഇവിടെ 13 സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുമ്പോൾ ഈ 13 സബ്സിഡി സാധനങ്ങളുടെയും വില ഒരുപൈസ പോലും വർദ്ധിപ്പിച്ചില്ല. ഈ ഗവൺമെന്റ് മാർക്കറ്റ് വിലയെ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ള ഉത്തരവ് വന്നതിനുശേഷം ഈ സബ്സിഡി സാധനങ്ങളുടെ വില പലതവണ വർദ്ധിപ്പിച്ചു. ഈ മാർക്കറ്റ് വിലയെ അടിസ്ഥാനപ്പെടുത്തികൊണ്ട് വില നിശ്ചയിക്കുന്ന ഉത്തരവ് പിൻവലിച്ച് 13 സബ്സിഡി സാധനങ്ങളുടെയും വിലകുറയ്ക്കുന്ന നടപടി സ്വീകരിക്കുമോ; അതോടൊപ്പം ഈ റേഷൻ കാർഡിന്റെ വിതരണം സംബന്ധിച്ച് ഈ മാസം റേഷൻ കാർഡുകൾ നൽകുമെന്നാണ് പറഞ്ഞിരുന്നത്. റേഷൻ കാർഡ് എന്ന് കൊടുക്കും, അത് നിലവിലുള്ളതുപോലെ ബി.പി.എൽ., എ.പി.എൽ. തന്നെയാണോ, അതല്ല ഇതൊക്കെ അവസാനിപ്പിക്കുന്ന രീതിയിലുള്ള വേറെ എന്തെങ്കിലും സംവിധാനമാണോ

കൊണ്ടുവരാനുദ്ദേശിക്കുന്നതെന്ന കാര്യം സഭയിൽ അങ്ങേയ്ക്ക് വ്യക്തമാക്കാമോ?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഒരു നിശ്ചിത ശതമാനത്തിൽ കുറവിൽ സപ്ലൈകോയിൽ സാധനങ്ങൾ കൊടുക്കണമെന്ന നിലയിൽ ഗവൺമെന്റ് മുമ്പോട്ടുപോകുന്നില്ല. ഇന്ന് സപ്ലൈകോ വിൽപ്പന നടത്തുന്ന സാധനങ്ങൾ പൊതു കമ്പോളവുമായി താരതമ്യം ചെയ്തുകഴിയുമ്പോൾ 62 ശതമാനവും 52 ശതമാനവും കൂടുതൽ സാധനങ്ങൾ സപ്ലൈകോവഴി നൽകുന്നുണ്ട്. 18% മുതൽ 62% വരെ വില കുറവിലാണ് സബ്സിഡി സാധനങ്ങൾ ഔട്ട്ലെറ്റുകളിലൂടെ കൊടുക്കുന്നത്. ശതമാന കണക്കിനെ സംബന്ധിച്ച് പലകാലങ്ങളിലും ഗവൺമെന്റ് തലത്തിലുള്ള തീരുമാനങ്ങളുണ്ടാകാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും അത്തരത്തിലുള്ള തീരുമാനങ്ങളുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2007-ൽ ഇറങ്ങിയ ഒരു സർക്കുലർ പ്രകാരം 10 ശതമാനത്തിൽ താഴെ വിലകുറച്ച് നൽകണമെന്ന ഒരു തീരുമാനം ഗവൺമെന്റ് തലത്തിലുണ്ടായിട്ടുണ്ട്. പക്ഷെ അത്തരത്തിലെ തീരുമാനങ്ങളൊന്നും ആ കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടില്ല. ഈ കാലഘട്ടത്തിലും നടപ്പിലാക്കിയിട്ടില്ല. ഗവൺമെന്റ്തലത്തിലെ തീരുമാനമെന്നത് പരമാവധി വില കുറച്ചുതന്നെ സാധനങ്ങൾ നൽകുകയെന്നുള്ളതാണ്. അതിൽ നിന്ന് ഒരു മാറ്റം കൊണ്ടുവരാൻ ഗവൺമെന്റ്

ആഗ്രഹിക്കുന്നില്ല. രണ്ടാമത്തെ കാര്യം, റേഷൻ കാർഡുകൾ മാർച്ച് മാസത്തിനുള്ളിൽ കൊടുത്തുതീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിന്റെ പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുകയാണ്. റേഷൻ കാർഡുകളുടെ വർക്ക് തീരുന്ന താലൂക്കുകളിൽ ആദ്യംതന്നെ കൊടുക്കുവാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. മാർച്ച് മാസത്തിൽ അതിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് പൂർണ്ണമായും കടക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നേരത്തെ ഞാൻ നിയമസഭയിൽത്തന്നെ വ്യക്തമാക്കിയിരുന്നു, കാർഡുകൾ കൊടുക്കുമ്പോൾ പ്രയോറിറ്റി, നോൺ പ്രയോറിറ്റി എന്ന നിലയിൽ ഭക്ഷ്യ സുരക്ഷാ നിയമത്തിനനുസൃതമായിട്ടായിരിക്കും നൽകുന്നത്. ബി.പി.എൽ./എ.പി.എൽ. വേർതിരിവ് മാറി പ്രയോറിറ്റി, നോൺ പ്രയോറിറ്റി കാറ്റഗറി തിരിച്ചായിരിക്കും കാർഡുകൾ നൽകുന്നത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, ഇൻഡ്യയിലുണ്ടായ പരിപ്പിന്റെ ഉഴുന്നിന്റെയും വിലകയറ്റം സാധനങ്ങൾ ശേഖരിക്കുന്നതിന്റെ പരിധി എടുത്തുകളഞ്ഞതിന്റെ ഭാഗമായി ഉണ്ടായതാണെന്നും ലക്ഷകണക്കിന് കോടി രൂപയുടെ ലാഭം അതിന്റെ ഭാഗമായി പൂഴ്ത്തിവയ്പുകാർ, പുതുതായി രൂപീകരിക്കപ്പെട്ട കമ്പനിയടക്കമുള്ളവർ ഉണ്ടാക്കിയെന്നും വാർത്തകൾ നമ്മൾ ധാരാളം കേട്ടു. കേരളത്തിലുണ്ടായികൊണ്ടിരിക്കുന്ന ഈ വലിയ വിലകയറ്റത്തിന്റെ പുറകിലും

അതുപോലെയുള്ള പൂഴ്ത്തിവയ്പുകാർ ആരെങ്കിലുമുണ്ടോ; അന്വേഷണങ്ങൾ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; അത് തടയുന്നതിനുവേണ്ടി എന്തെങ്കിലും തരത്തിലുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, തീർച്ചയായിട്ടും നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച് ഏതെങ്കിലുമൊരു ഉൽപ്പന്നത്തിന്റെ വില വർദ്ധിക്കുമ്പോൾ ആ സാധനങ്ങൾ പൂഴ്ത്തിവയ്ക്കാനുള്ള പ്രവണത വരും. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള മേഖലകളിൽ കൂടുതൽ പരിശോധനകളുണ്ട്. ഇപ്പോൾ പരിപ്പ്, പയർ വർഗ്ഗങ്ങൾ എന്നിവയ്ക്ക് വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ആ മേഖലയിൽ പൂഴ്ത്തിവയ്ക്കുന്ന സാഹചര്യങ്ങളുണ്ടോയെന്ന് ഗവൺമെന്റ് കർശനമായി പരിശോധിക്കുകയും റെയ്ഡുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികളടക്കം ഗവൺമെന്റ് ചർച്ചയ്ക്ക് വിളിച്ചിരുന്നു. ഇപ്പോൾ ഇതിന്റെ വില താഴ്ന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. നേരത്തെ റേഷൻ കാർഡിനെപ്പറ്റി പറഞ്ഞതിൽ ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡുകൾക്ക് വാലിഡിറ്റിയുണ്ട്. പുതിയ റേഷൻ കാർഡുകൾ വൈകുന്നുവെന്നുള്ളതുകൊണ്ട് മറ്റ് ബുദ്ധിമുട്ടുകൾ പൊതുജനങ്ങൾക്കുണ്ടാകുന്നില്ല. പുതിയ കാർഡുകൾ കയ്യിൽ ലഭിക്കുന്നതുവരെ പഴയ കാർഡിന്

വാലിഡിറ്റിയുണ്ടാകും. ഒപ്പംതന്നെ, എല്ലാ ആനുകൂല്യങ്ങളും ആ കാർഡ് വഴി ലഭ്യമാകും. ഇപ്പോൾ മാറിത്താമസിക്കുന്നവരടക്കമുള്ള ആളുകൾക്ക് അടിയന്തരമായി ആറുമാസത്തേയ്ക്ക് താൽക്കാലിക കാർഡും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽനിന്ന് കൊടുക്കുന്നുണ്ട്.

ശ്രീ. പി. തിലോത്തമൻ: സർ, സിവിൽ സപ്ലൈസ് വകുപ്പിൽ കാര്യക്ഷമമായി വളരെ കാലങ്ങളായി നിലനിന്നിരുന്ന ഇ-ടെൻഡർ സംവിധാനം അട്ടിമറിക്കപ്പെട്ടതായി പത്രവാർത്തകൾ വരികയുണ്ടായി. ചില പ്രത്യേകയിനം ഐറ്റം മുളക്, പയർ, തുവര ഉൾപ്പടെയുള്ള ചില ഉൽപ്പന്നങ്ങൾ ചില പ്രത്യേക വ്യക്തികളിൽനിന്നും നേരിട്ട് ഈ സമ്പ്രദായങ്ങളെല്ലാം ഒഴിവാക്കി നടപടിക്രമങ്ങളൊന്നും പാലിക്കാതെ ക്വട്ടേഷൻ കൃത്യമായി എഴുതി വാങ്ങിച്ച് വാങ്ങുന്നതായിട്ടാണ് ആരോപണം. ഇതു വലിയ അഴിമതിയ്ക്ക് കളമൊരുങ്ങിയ ഒരിടപാടായി പത്രവാർത്തകൾ വരികയുണ്ടായി. എന്തുകൊണ്ടാണ് ഇവിടെ കാര്യക്ഷമമായി നിലനിന്നിരുന്ന ഇ-ടെൻഡർ സംവിധാനം ഒഴിവാക്കി ഈ നടപടി സ്വീകരിച്ചതെന്ന് പറയാമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇ-ടെൻഡർ സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഇ-ടെൻഡർ സിസ്റ്റത്തിൽത്തന്നെയാണ് സാധനങ്ങൾ വാങ്ങുന്നത്.

കോഴിക്കോട് റീജിയണിൽ മറിച്ചൊരു വിഷയമുണ്ടായി എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. അതുസംബന്ധിച്ച് ഡിപ്പാർട്ടുമെന്റ്തലത്തിലുള്ള വിജിലൻസ് എൻക്വയറി നടക്കുകയാണ്. അതിന്റെ റിപ്പോർട്ട് ലഭ്യമാകുന്നതിനനുസൃതമായി തുടർ നടപടികളുണ്ടാകും. ഏതെങ്കിലും തരത്തിലുള്ള വീഴ്ചയോ ക്രമക്കേടുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

(*92) ശ്രീ. എം. ഹംസ:
ശ്രീ. എളമരം കരീം:
ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി കെ. കെ. ലതിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അത്തരം എത്ര സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകുന്നത്;

(ബി) ഇതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച പഠനത്തിന് ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം

ലഭ്യമാക്കുമോ;

(ഡി) സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചിരുന്നോ; പിന്നീട് പ്രസ്തുത തീരുമാനം മാറ്റുകയുണ്ടായോ; നിയമനരീതി സംബന്ധിച്ച തീരുമാനം എന്തെന്ന് വിശദമാക്കുമോ;

(ഇ) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നിൽകിയതിലൂടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടുമെന്നും ഇതിന് എത്ര തുക അധിക ചെലവ് വരുമെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ അന്ധ, ബധിര വിദ്യാലയങ്ങൾ നിലവിലുണ്ട്. കൂടാതെ ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14/പൊ.വി.വ. തീയതി 28-04-2014 പ്രകാരം ഉത്തരവായിരുന്നു. കൂടാതെ, ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്കുകൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി

നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയുംസ.ഉ.(എം.എസ്)116/2015/പൊ.വി.വ. തീയതി 15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട ഇത്തരം സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ മേൽ മാനദണ്ഡങ്ങൾ അനുസരിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന ഒരു സ്പെഷ്യൽ സ്കൂളിനും ഇതുവരെ എയ്ഡഡ് പദവി നൽകിയിട്ടില്ല.

(ബി) സംസ്ഥാനത്തെ അന്ധ, ബധിര സ്പെഷ്യൽ സ്കൂളുകളെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 03.11.1969-ലെ സ.ഉ.(പി)412/69/വി.വ ഉത്തരവിൽ നിലവിലുണ്ട്. കൂടാതെ സ.ഉ.(എം.എസ്)115/2015/പൊ.വി.വ തീയതി.15.05.2015, സ.ഉ.(എം.എസ്)229/2015/പൊ.വി.വ തീയതി.25.08.2015, എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവി ലഭിക്കുന്നതിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. (പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി

വച്ചിട്ടുണ്ട്.)

(സി) മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച പരാമർശിത വിഷയങ്ങൾ തീരുമാനിക്കുകയും അവ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ കൺവീനറും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) പ്രിൻസിപ്പാൾ അംഗങ്ങളുമായ മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സ.ഉ.(പി)259/14/പൊ.വി.വ.തീയതി.02.12.2014 പ്രകാരം ഉത്തരവായി. പ്രസ്തുത കമ്മിറ്റി പരാമർശിത വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ആയതു പ്രകാരം ശുപാർശകൾ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ വിശദമായി പരിശോധിച്ച് ആവശ്യമായ ഭേദഗതി നിർദ്ദേശങ്ങളോടെ 06.05.15-ലെ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് സ.ഉ.(എം.എസ്)115/2015/പൊ.വി.വ. തീയതി.15.05.2015, പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(ഡി) അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന എയ്ഡഡ് മേഖലയിലെ സ്പെഷ്യൽ സ്കൂളുകളിലെ നിയമനം പി.എസ്.സി. മുഖേനയല്ല നടക്കുന്നത്. 15.05.15-ലെ സ.ഉ.(എം.എസ്)115/2015/പൊ.വി.വ. ഉത്തരവിലെ ഖണ്ഡിക 111-ലെ വ്യവസ്ഥ പ്രകാരം മാനസിക വൈകല്യമുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയായിരിക്കണമെന്ന് തീരുമാനിച്ചിരുന്നു. മേൽ വ്യവസ്ഥ പിന്നീട് ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി മുഖേന എന്നാക്കി 25.08.15-ലെ സ.ഉ.(എം.എസ്)229/15/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

1. രക്ഷാകർത്തൃ പ്രതിനിധികൾ
2. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി.
3. സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി.
4. സ്ഥാപനത്തിലെ പ്രധാനാധ്യാപകൻ
5. സ്കൂൾ മാനേജർ
6. സബ്ജക്ട് എക്സ്പേർട്ട് ഇൻ ഡിസബിലിറ്റീസ്

(ഇ) മാനസിക വൈകല്യമുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങളാണ് ഇപ്പോൾ സർക്കാർ

പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് പാലിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് പൂർത്തീകരിച്ച് ലഭ്യമാകാത്തതിനാൽ അധിക തസ്തികകൾ സംബന്ധിച്ചോ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ചോ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

ശ്രീ. എം. ഹംസ: സർ, സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് ഇടയാക്കിയിട്ടുള്ള കാരണം, 278 സ്പെഷ്യൽ സ്കൂളുകളിൽ ഒന്നു മാത്രമാണ് സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ളത്. ഈ സാഹചര്യങ്ങൾ പരിശോധിക്കുകയും 278 സ്കൂളുകളിൽ മഹാഭൂരിപക്ഷം വരുന്ന സ്കൂളുകളിലും വിസിറ്റ് നടത്തി സ്ത്രീകളുടെയും കുട്ടികളുടേയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭ സമിതി ഒരു പ്രത്യേക റിപ്പോർട്ട് തന്നെ സമർപ്പിക്കുകയുണ്ടായി. 2006-2008 -ൽ നിയമിതമായിട്ടുള്ള സമിതി 2008 ജൂലൈ 17-ാം തീയതി നിയമസഭയുടെ മുമ്പിൽ വച്ച റിപ്പോർട്ടാണിത്. ശ്രീമതി ഷൈലജ ടീച്ചറായിരുന്നു അതിന്റെ ചെയർമാൻ. ശ്രീമതി ഷൈലജ ടീച്ചറുടെ നേതൃത്വത്തിലുള്ള സമിതി സ്പെഷ്യൽ സ്കൂളുകൾ എങ്ങനെയായിരിക്കണം എന്നും അവിടത്തെ കുട്ടികൾക്ക് കൊടുക്കേണ്ട പരിരക്ഷയെ സംബന്ധിച്ചും അവരുടെ രക്ഷിതാക്കൾക്കു കൊടുക്കേണ്ട പുനരധിവാസത്തെക്കുറിച്ചും വളരെ വിശദമായി ആ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഈ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടും ഒരു ജീവകാരുണ്യ പ്രവർത്തനമെന്ന നിലയ്ക്ക് എടുക്കാനും അവരുടെ കുട്ടികൾക്ക് ഒരു പരിരക്ഷ കൊടുക്കാനും രക്ഷിതാക്കൾക്ക് ഒരു സംരക്ഷണം കൊടുക്കാനും കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതിന് വേഗത കൂട്ടാനാവശ്യമായിട്ടുള്ള ഇടപെടലുകൾ നടത്തുമോ, അവർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള തീരുമാനം സർക്കാർ എടുക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, അങ്ങ് പറഞ്ഞതുപോലെ അന്ധ, ബധിര വിദ്യാലയങ്ങളെ സംബന്ധിച്ച് എയ്ഡഡ് പദവി നൽകിയിട്ടുള്ള സ്ഥാപനങ്ങൾ നേരത്തെ ഇവിടെയുണ്ട്. അതേ അവസരത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സംബന്ധിച്ചുള്ള സ്ഥാപനങ്ങൾ ഇല്ല. തിരുവനന്തപുരത്ത പാങ്ങാപ്പാറയിലെ സി.എച്ച്. മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം മാത്രമാണ് സർക്കാർ ഉടമസ്ഥതയിലുള്ളത്. ബാക്കി 278-ഓളവും സ്വകാര്യ മേഖലയിലാണ്. അവർക്ക് കേന്ദ്രസർക്കാരിൽ നിന്നും മറ്റ് ചില സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റ് കിട്ടുന്നു. ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരും ഗ്രാന്റ് കൊടുക്കുന്നു. ചില സ്ഥാപനങ്ങൾ സ്വകാര്യ രീതിയിൽ

തന്നെ പ്രവർത്തിക്കുന്നതാണ്. അതു മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് 100 കുട്ടികളിൽ അധികമുള്ള സ്ഥാപനങ്ങൾക്കും അതിനുശേഷം രണ്ടാമത് 50 കുട്ടികളുള്ള സ്ഥാപനങ്ങൾക്കും എല്ലാ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചിട്ടുള്ളത്. നേരത്തെ ഞാൻ പറഞ്ഞ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറാകുന്നതോടുകൂടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇപ്പോൾ നിലവിലുള്ള നിർദ്ദേശങ്ങളും കമ്മിറ്റിയുടെ റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങളും കൂടാതെ മറ്റ് നല്ല നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

<u>ശ്രീ. എം. ഹംസ:</u> സർ, ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കാൻ യോഗ്യതയുള്ള അധ്യാപകരില്ലായെന്നുള്ളത് ഒരു പ്രധാന കാര്യമാണ്. വെറും വിദ്യാഭ്യാസ രംഗത്തുള്ള മികവ് മാത്രം പോരാ, നല്ല മനുഷ്യത്വമുള്ള ആളുകൾക്ക് മാത്രമാണ് ഇത് കൈകാര്യം ചെയ്യാൻ കഴിയുന്നത്. അത്തരം ആളുകളെ പരിശീലിപ്പിച്ചെടുക്കാനുള്ള ഒരു പരിശീലനകേന്ദ്രം കേരളത്തിലില്ല എന്ന പോരായ്മ മനസ്സിലാക്കിക്കൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് ഇത്തരത്തിലൊരു വിദ്യാഭ്യാസകേന്ദ്രം ഒറ്റപ്പാലത്തു തുടങ്ങാൻ തീരുമാനിക്കുകയും അതിന് ഒരു കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ആ പ്രവർത്തനത്തിൽ ഒരു പുരോഗതി

കാണുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത്തരം ആളുകളെ പരിശീലിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള അധ്യാപക പരിശീലനകേന്ദ്രം ഒറ്റപ്പാലത്ത് സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടും അത് വേണ്ട രൂപത്തിൽ പോകാത്തത് ഒരു മനുഷ്യത്വപരമായ പ്രവർത്തനമല്ല, അത് ഇന്നുള്ള എക്സിക്യൂട്ടീവിന്റെ ഒരു മെല്ലെപ്പൊക്കിന്റെ നയത്തിന്റെ ഭാഗമായി ഉണ്ടായതാണ്. തീർച്ചയായും ആ എക്സിക്യൂട്ടീവിന്റെ മെല്ലെപ്പോക്ക് നയം തിരുത്തി ഇനിയെങ്കിലും വേഗത കൂട്ടാനാവശ്യമായിട്ടുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ പറഞ്ഞത് നേരത്തേ ഇത്തരം സ്കൂളുകളിൽ ബന്ധപ്പെട്ട മാനേജ്മെന്റുകളാണ് അധ്യാപകരെ നിയമിച്ചിരുന്നത്. പല സ്ഥലത്തും വ്യക്തമായ ക്വാളിഫിക്കേഷൻസും ഉണ്ടായിരുന്നില്ല. ഇതുവരെയുള്ള സ്ഥിതിവെച്ച് നോക്കുകയാണെങ്കിൽ എസ്.എസ്.എൽ.സി.യും പ്ലസ് ടു ഉം, ബന്ധപ്പെട്ട വിഷയങ്ങളിലുള്ള സർട്ടിഫിക്കറ്റ് കോഴ്സും പാസ്സായവരാണ് മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നത്. പക്ഷെ, ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ഡിഗ്രിയും, ബി.എഡും വേണമെന്നതാണ്. ബി.എഡ് തന്നെ റീഹാബിലിറ്റേഷൻ കൗൺസിൽ അംഗീകരിച്ചതായിരിക്കണം എന്നും പറഞ്ഞിട്ടുണ്ട്. പാങ്ങപ്പാറയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ അതിനുള്ള ട്രെയിനിംഗ് കോഴ്സ്

കൊടുക്കുന്നുണ്ട്. പുതുതായി ട്രെയിനിംഗ് കോഴ്സ് കൊടുക്കാൻ വേണ്ടിയുള്ള രണ്ടു സ്ഥാപനങ്ങളിൽ ഒന്ന് പരപ്പനങ്ങാടിയിലും മറ്റൊന്ന് കാസർഗോഡും ആരംഭിച്ചിട്ടുണ്ട്. പരപ്പനങ്ങായിലേത് പ്രവർത്തനം ആരംഭിച്ചു. കാസർഗോഡിലേത് ഉടനെ തന്നെ പ്രവർത്തനം ആരംഭിക്കും. ഒറ്റപ്പാലത്തെ സെന്ററിനെ സംബന്ധിച്ച് എന്റെ ശ്രദ്ധയിൽ ഇതുവരെ വന്നിട്ടില്ല. അത് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, സ്പെഷ്യൽ സ്കൂളിനെ സംബന്ധിച്ച് ഈ സർക്കാരിന്റെ അനാസ്ഥ കാരണം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന 52 സ്പെഷ്യൽ സ്കൂളുകൾക്കുള്ള കേന്ദ്രഗവൺമെന്റ് സഹായം നഷ്ടപ്പെട്ടു. പ്രസ്തുത ഗ്രാന്റ് നമുക്ക് തിരിച്ചു കിട്ടുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? അധ്യാപക നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നുള്ള പൊതുചർച്ച നടന്നുകൊണ്ടിരിക്കുന്നൊരു കാലഘട്ടമാണ്. ഇന്നലെയും നമ്മൾ അതിനെ സംബന്ധിച്ചുള്ള ചർച്ച നടത്തിയതാണ്. അങ്ങനെയുള്ളൊരു കാലഘട്ടത്തിൽ സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപക നിയമനം പി. എസ്. സി. ക്ക് വിടണമെന്നുള്ള തീരുമാനം എന്തിനുവേണ്ടിയാണ് പിൻവലിച്ചത് എന്നതിനെ സംബന്ധിച്ചും ഇവിടെ വിശദീകരിച്ചെങ്കിൽ നന്നായിരുന്നു. ഇന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണും. C-APT -ന്റെ പ്രശ്നം ഈ

സഭയിൽ നമ്മൾ നിരവധി പ്രാവശ്യം ചർച്ച ചെയ്തതാണ്. ഒന്നു മുതൽ എട്ടാം ക്ലാസ്സു വരെയുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കാൻ കൊടുത്തതിൽ വമ്പിച്ച അഴിമതി നടന്നിട്ടുണ്ടെന്ന് ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് കണ്ടെത്തുകയും വിജിലൻസ് എൻക്വയറിക്ക് ശിപാർശ ചെയ്യുകയും എം.ഡി. സജിത്ത് വിജയരാഘവന്റെ പേരിൽ കേസ്സെടുക്കണമെന്നും പറഞ്ഞിരിക്കുന്നു. അതിനെക്കുറിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, മൂന്ന് ചോദ്യമാണ് ശ്രീ. ശിവൻകുട്ടി ഒന്നിച്ച് ചോദിച്ചത്. ഒന്നാമത്തെ ചോദ്യത്തിൽ 52 സ്ഥാപനങ്ങൾക്ക് കേന്ദ്രഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റിൽ പെന്റിംഗ് ഉണ്ടെന്ന് പറഞ്ഞു. പെന്റിംഗ് ഇല്ല, എല്ലാവർഷവും കൃത്യമായി അത് കൊടുക്കുന്നുണ്ട്. അതുപോലെ സംസ്ഥാന ഗവൺമെന്റ് ഓരോ വർഷവും പ്രത്യേകമായ ഫങ്ഷൻ വെച്ചുക്കൊണ്ടു തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കൊടുക്കുന്നുണ്ട്. അതിന് യാതൊരു അനാസ്ഥയും ഇതുവരെ ഉണ്ടായിട്ടില്ല. കേന്ദ്രഗവൺമെന്റ് നമുക്ക് തരുന്ന ഗ്രാന്റ് നമ്മളാണ് വിതരണം ചെയ്യുന്നത്. പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട കാര്യം, ഈ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. പല തവണ ഇവിടെ ചർച്ച ചെയ്തതാണ്. പ്രത്യേകമായി ചോദ്യം ചോദിക്കുകയാണെങ്കിൽ അതിന് മറുപടി പറയാം. ഇന്ന് പത്രങ്ങളിൽ വന്ന കാര്യം ഞാനും കണ്ടു, അതു വെച്ച് ഞാനൊരു

മറുപടി പറയുന്നത് ശരിയല്ല. അതുകൊണ്ട് ആ കാര്യം ഇപ്പോൾ പറയുന്നില്ല.

ശ്രീ. ജെയിംസ് മാത്യു : സർ, മൂന്ന ചോദ്യമാണ് ശ്രീ. വി. ശിവൻകുട്ടി ചോദിച്ചതെന്ന് ബഹുമാന്യനായ മന്ത്രി പറഞ്ഞു. പക്ഷെ ഈ വിഷയവുമായി ബന്ധപ്പെടാത്തതാണെന്നുപറഞ്ഞ് ഒരു ചോദ്യം അദ്ദേഹം ഒഴിവാക്കി. എന്നാൽ ശ്രീ. വി. ശിവൻകുട്ടി ചോദിച്ച രണ്ടാമത്തെ ചോദ്യത്തെക്കുറിച്ച് അദ്ദേഹം പരാമർശിച്ചില്ല. അദ്ദേഹം സഭയിൽ തന്നിട്ടുള്ള മറുപടി, മാനസ്സികമായുള്ള വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി അനുവദിച്ച് നല്കുന്നത് സാമൂഹിക പ്രതിബന്ധതയുടെ ഭാഗമായതിനാൽ എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആയിരിക്കുന്നതും കൺസോളിഡേറ്റഡ് പേയിലുള്ള തസ്തികയിൽ നോട്ടിഫിക്കേഷൻ മുഖേനയും ആയിരക്കുന്നതാണ്, ഇതിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിരിക്കുന്നതല്ല എന്ന് സർക്കാർ ഉത്തരവുണ്ട് എന്നാണ്. അതിന്റെയൊരു കോപ്പി ഈ ചോദ്യത്തിന്റെ ഭാഗമായി ഞങ്ങൾക്ക് തന്നിട്ടുണ്ട്. അതാണ് ശ്രീ. വി. ശിവൻകുട്ടി ചോദിച്ചത്, പി.എസ്.സി.-ക്ക് വിടാൻ നമ്മളെല്ലാം ആലോചിക്കുകയും അങ്ങനെ പി.എസ്.സി.ക്ക് വിടുമ്പോൾ, റിസർവ്വേഷനും കൂടി ബാധകമാക്കാൻ സാധിക്കത്തക്ക രൂപത്തിൽ 270-ലധികം സ്കൂളുകളിലെ നിയമനം പി.എസ്.സി.ക്ക്

വിടാൻ തീരുമാനിച്ച ഗവൺമെന്റ്, അതിൽ വിട്ടുവീഴ്ചയില്ലായെന്ന് അടിവരയിട്ട് പറഞ്ഞ ഗവൺമെന്റ്, അതിൽ മാറ്റംവരുത്തി ചെയ്തത് സംബന്ധിച്ച് വ്യാപകമായ അഴിമതി ആരോപണങ്ങൾ പുറത്ത് ഉന്നയിക്കപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഗൗരവപൂർവ്വം ഗവൺമെന്റ് ഇത് പുനഃപരിശോധിക്കുകയും എയ്ഡഡ് മേഖലയിലേയ്ക്ക് ഈ സ്കൂളുകളെ മാറ്റുന്നതുവഴി ഉണ്ടാകാനിടയുള്ള എല്ലാ തസ്തികയും നിർബന്ധമായും പി.എസ്.സി. മുഖാന്തിരമാവുകയും റിസർവ്വേഷൻ മാനദണ്ഡമുൾപ്പെടെ പാലിച്ചുകൊണ്ട് എല്ലാപേർക്കുമുള്ള സാമൂഹികമായ പരിഗണന ഉറപ്പാക്കുകയും ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഇന്ന് നമ്മുടെ സംസ്ഥാനത്ത് ധാരാളം എയ്ഡഡ് സ്ഥാപനങ്ങളുണ്ട്. അവിടത്തെ എല്ലാ നിയമനങ്ങളും അതാത് മാനേജ്മെന്റുകളാണ് നടത്തുന്നത്. ആ ഒരു പരിതസ്ഥിതിയിലാണ് നേരത്തെ എടുത്ത തീരുമാനം മാറ്റിയത്. കാരണം, ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ നടത്തുന്ന സ്ഥാപനങ്ങൾ പലതും ധർമ്മ സ്ഥാപനങ്ങളാണ്. സൊസൈറ്റികളും, അസോസിയേഷനുകളുമൊക്കെ നടത്തുന്ന സ്ഥാപനങ്ങളാണ് അത്. അവരുടെ നിയമനങ്ങളിൽ സുതാര്യത വരുത്താൻവേണ്ടിയാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട

പ്രിൻസിപ്പാളും എക്സ്പെർട്ടുകളെയുമൊക്കെവച്ചുകൊണ്ടുള്ള കമ്മിറ്റി നിയമനം നടത്തുന്നത്. എയ്ഡഡ് സ്കൂളുകളിലെ നിയമനംപോലും പി.എസ്.സി.ക്ക് വിടാൻ നമ്മുടെ സംസ്ഥാനത്ത് ആരും തയ്യാറായിട്ടില്ല. ആ ഒരു സാഹചര്യത്തിൽ ഇതുപോലെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം നടത്തുന്ന സ്ഥാപനങ്ങിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് ഇപ്പോൾതന്നെ വിടണം എന്നുപറയുന്നതിനോട് ഗവൺമെന്റിന് യോജിപ്പില്ലാത്തതുകൊണ്ടാണ് ആ തീരുമാനം മാറ്റിയത്. മറ്റൊരു കാര്യം, എയ്ഡഡ് ആക്കുന്നതോടുകൂടി ആ സ്ഥാപനങ്ങളിൽ ഒരു രൂപപോലും കുട്ടികളുടെ കയ്യിൽനിന്ന് ഫീസ് വാങ്ങാൻ പാടില്ല എന്നുകൂടി നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. ലതിക: സർ, കുടുംബവും സമൂഹവും അതുപോലെ ഗവൺമെന്റുമൊക്കെ പ്രത്യേക പരിഗണന കൊടുക്കേണ്ട ഒരു വിഭാഗമാണ് മാനസികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികൾ. കേരളത്തിൽ ഇവരുടെ മിക്കവാറും സ്ഥാപനങ്ങളിൽ അങ്ങ് കൂടി അംഗമായ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി സന്ദർശിച്ചിട്ടുണ്ട്. ഈ കുട്ടികൾ മുഴുവൻ ഇന്നുള്ള സ്പെഷ്യൽ സ്കൂളുകളിൽ എത്തുന്നില്ല. അതുകൊണ്ടുതന്നെ നമ്മുടെ പ്രാദേശിക സർക്കാരിനുകീഴിൽ ബഡ്സ് സ്കൂൾ എന്ന പേരിൽ ഇത്തരം സ്ഥാപനങ്ങൾ

നിലനിൽക്കുകയാണ്. ഇന്ന് ഗവൺമെന്റ് നിശ്ചയിച്ച ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് ഒരു സ്ഥാപനത്തിൽ 11 ജീവനക്കാരും അവിടത്തെ ഹോസ്റ്റലിൽ 5 ജീവനക്കാരുമുൾപ്പെടെ 16 ജീവനക്കാർ വരുന്നുണ്ട്. പ്രാദേശിക സർക്കാരുമായി യോജിച്ചുകൊണ്ട് ഈ ജീവനക്കാർക്കുള്ള ശമ്പളം സർക്കാർ കൊടുക്കുകയാണെങ്കിൽ കേരളത്തിലെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന മുഴുവൻ കുട്ടികളെയും ഇത്തരം സ്ഥാപനത്തിലെത്തിക്കാൻ കഴിയുന്നതാണ്. എന്തുകൊണ്ട് നമുക്ക് അങ്ങനെ ചെയ്തുകൂടാ? അത് കുടുംബത്തിനും നമ്മുടെ സമൂഹത്തിനും ഏറെ ഗുണം ചെയ്യുന്നതായിരിക്കും. ഇതിനായി അഞ്ച് ശതമാനം ഫണ്ട് നീക്കിവയ്ക്കുകയും ഇത്തരം കാര്യങ്ങൾ ചെയ്തിട്ടില്ലെങ്കിൽ ഫണ്ട് അനുവദിക്കില്ലായെന്ന് പറയുന്നിടത്ത് ഈ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളെകൊണ്ട് ചെയ്യിപ്പിച്ച് ഇതിനാവശ്യമായ സംവിധാനം സർക്കാരിന് ഉണ്ടാക്കാൻ കഴിയുമോ? എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അല്ലെങ്കിൽ എല്ലാ ബ്ലോക്കിന് കീഴിലും ഇത്തരം സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ബഡ്സ് സ്കൂളുകളുടെ കാര്യത്തിൽ ഇപ്പോൾതന്നെ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പഞ്ചായത്തുകൾ നടത്തുന്ന

സ്ഥാപനങ്ങൾ അത് ഗവൺമെന്റ് സ്ഥാപനങ്ങളായിത്തന്നെ നിലനിൽക്കും. അതല്ലാത്ത സ്ഥാപനങ്ങൾ എയ്ഡഡ് മേഖലയിൽ വരുമ്പോൾ ഈ പറയുന്ന രീതിയിലുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്കും ലഭിക്കും. മാത്രവുമല്ല, ഇതിന്റെ തസ്തിക നിർണ്ണയത്തിലൊക്കത്തന്നെയും വ്യത്യാസങ്ങളുണ്ട്. 1:8 ആണ് ഇത്തരം സ്കൂളുകളിലെ കുട്ടികളെ പഠിപ്പിക്കാനുള്ള അദ്ധ്യാപകരുടെ എണ്ണം. അത് മിനിമം ഒന്നാണ്. നൂറ് കുട്ടികളിൽ കൂടുതലുണ്ടെങ്കിൽ അദ്ധ്യാപക തസ്തികയ്ക്കുപുറമെ ഒരു ഹെഡ്മാസ്റ്റർ തസ്തിക കൂടി അനുവദിക്കും. നൂറ് കുട്ടികളിൾ കൂടുതലുണ്ടെങ്കിൽ ഒരു ക്ലാർക്കും ഒരു അറ്റന്റർും ഉണ്ടാകും. നൂറ് കുട്ടികളിൾ കൂടുതലുണ്ടെങ്കിൽ ഒരു എഫ്.ഡി.എം.-ഉം വാഹനമുണ്ടെങ്കിൽ ഒരു ഡ്രൈവറും ഉണ്ടാകും. 15 കുട്ടികൾക്ക് ഒരു ആയ ഉണ്ടാകും. ഓരോ 50 കുട്ടികൾക്കും ഒരു മാട്രൺ ഉണ്ടാകും. അത് മിനിമം രണ്ടുപേരാണ് - ഒരു മെയിലും, ഒരു ഫീമെയിലും. അതുപോലതന്നെ ഓരോ 50 കുട്ടികൾക്കും ഓരോ കുക്കുണ്ടാകും. അതും മിനിമം രണ്ടുപേരാണ്. ഓരോ ഹോസ്റ്റലിനും ഒരു വാച്ച്മാൻ ഉണ്ടാകും. അങ്ങനെ വളരെ വ്യവസ്ഥാപിതവും ശാസ്ത്രീയവുമായ രീതിയിൽ അവർക്ക് നല്ല വിദ്യാഭ്യാസവും സംരക്ഷണവും ലഭിക്കാനാവശ്യമായ ക്രമീകരണങ്ങളാണ് ഇതിലൂടെ ഗവൺമെന്റ് കൊണ്ടുവരുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഈ സഭയിലെ ഭരണപക്ഷത്തും

പ്രതിപക്ഷത്തുമുള്ള 57 എം.എൽ.എ-മാർ ഒപ്പിട്ടുകൊടുത്ത ഒരു ആവശ്യത്തെത്തുടർന്നാണ് ഗവൺമെന്റ് ഈ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനുള്ള തീരുമാനമെടുത്തത്. അതിന് മുൻകൈ എടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുകയാണ്. ഒരു പ്രധാനപ്പെട്ട പ്രശ്നമെന്നുപറയുന്നത്, ഇത്തരം സ്കൂളുകൾ നടത്തിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ രണ്ടായിരം രൂപയ്ക്കും മൂവായിരം രൂപയ്ക്കും വളരെ കഷ്ടപ്പെട്ട് പ്രവർത്തിച്ചിരുന്ന ധാരാളം അദ്ധ്യാപകർ ഈ സ്കൂളുകളിലെല്ലാം ഉണ്ടായിരുന്നു. ഈ തസ്തിക പി.എസ്.സി.ക്ക് വിട്ടാൽ അവർക്കുള്ള സാധ്യതകൾ ഇല്ലാതാകും എന്നുള്ളതുകൊണ്ടുകൂടിയാണ് പി.എസ്.സി.ക്ക് വിടാതെ നിയമനം നടത്താനുള്ള ഒരു തീരുമാനം സർക്കാർ എടുത്തതെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് ഈ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും നിയമിക്കുമ്പോൾ അവിടെ വർഷങ്ങളായി പ്രവർത്തിക്കുന്ന ആളുകൾക്ക് പരിഗണന കൊടുക്കുന്ന കാര്യംകൂടി ഈ നിയമനത്തിന്റെ നിബന്ധനയിൽ ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ? അതോടൊപ്പം, ഇപ്പോഴുള്ള ഒരു പ്രശ്നം 18 വയസ്സിനുമുകളിൽ പ്രായമുള്ള കുട്ടികളെ ഇവിടെ പ്രവേശിപ്പിക്കില്ല. കാരണം, കേരള വിദ്യാഭ്യാസ ചട്ടം അനുസരിച്ച് 18 വയസ്സിനുമുകളിൽ പ്രായമുള്ള ആളുകളെ ഇതിൽ ഉൾപ്പെടുത്താൻ

കഴിയില്ല. പക്ഷെ മാനസികമായി വെല്ലുവിളികൾ നേരിടുന്ന സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന പല കുട്ടികളും 18 വയസ്സിനുമീതെ പ്രായമുള്ളവരാണ്. ആ ഒരു തടസ്സംകൂടി നീക്കുന്നതിനുള്ള നടപടിയെടുക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിലുള്ള ഉദ്യോഗസ്ഥരേയും ജീവനക്കാരേയും സംബന്ധിച്ച് സാധാരണ ഗതിയിൽ നമ്മൾ എല്ലാ കാര്യങ്ങളിലും ചെയ്യുന്നതുപോലെ പ്രത്യേകമായ പരിഗണന നൽകേണ്ടതുണ്ട്. അത് അവരുടെ ക്വാളിഫിക്കേഷനും എക്സ്പീരിയൻസുമൊക്കെ അനുസരിച്ച് എങ്ങനെ ചെയ്യാൻ കഴിയും എന്നുള്ളത് പരിശോധിക്കാം. ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച 18 വയസ്സിനുമേലെ പ്രായമുള്ള കുട്ടികളുടെ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇന്നുള്ള നമ്മുടെ നിയമമനുസരിച്ച് 18 വയസ്സിനുമേലെ പ്രായമുള്ള കുട്ടികളെ ഇത്തരം സ്ഥാപനങ്ങളിൽ താമസിപ്പിക്കാൻ പാടില്ല. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രണ്ടുമാസത്തിനുമുമ്പ് ഞങ്ങളൊരു യോഗം ചേരുകയും 18 വയസ്സായ കുട്ടികളെ സെപ്പറേറ്റ് ചെയ്തുകൊണ്ട് ആ സ്ഥാപനത്തിലോ അല്ലെങ്കിൽ അനുബന്ധ സ്ഥാപനങ്ങൾ തുടങ്ങി അവർക്കുകൂടി വിദ്യാഭ്യാസവും മറ്റ് കാര്യങ്ങളും ചെയ്യുന്നതിനുവേണ്ടി സൗകര്യം ഏർപ്പെടുത്താനുള്ള ചർച്ചകൾ നടന്നിട്ടുണ്ട്.

അതിന്റെ അവസാന തീരുമാനത്തിലെത്തിയിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ സമൂഹത്തിന്റെ ഏറ്റവും വലിയ പരിഗണന അർഹിക്കുന്ന വിഭാഗമാണ് മാനസ്സികമായും ശാരീരികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾ. അത് പരിഗണിച്ച് ശ്രീ. വി.ഡി. സതീശൻ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായ മറുപടി അത്ര നല്ല മറുപടിയായിരുന്നില്ല. അതിനെത്തുടർന്ന് ഞാൻ ശ്രീ. വി. ഡി. സതീശനുമായി ചർച്ചചെയ്യുകയും നമുക്ക് ഈ പ്രശ്നം ഗൗരവമായിട്ടെടുക്കണമെന്ന് പറഞ്ഞ് ഞങ്ങളൊരു ഒപ്പുശേഖരണം നടത്തി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതുപോലെ ഈ തീരുമാനമുണ്ടായത്. സാധാരണ എയ്ഡഡ് സ്കൂൾ നടത്തുന്നതുപോലെ ഇത്തരം സ്കൂളുകൾ നടത്തിയാൽ വിജയിക്കില്ല. എയ്ഡഡ് പദവി കൊടുക്കുന്നതോടുകൂടി മാനേജർമാർക്ക് വന്നുചേരുന്ന താല്പര്യം എന്നുപറയുന്നത് നിയമനം നടത്തുക, കൈക്കൂലി വാങ്ങുക എന്നതാണ്. ഇതാണ് എയ്ഡഡ് സ്കൂളിന്റെ ഒരു പ്രത്യേകത. അതാണ് ആകർഷകമാകുന്നത്. അങ്ങനെയുള്ള ആകർഷകതയോടുകൂടിയ എയ്ഡഡ് സ്കൂൾ നടത്തുന്നതുപോലെ ഈ സ്കൂൾ നടത്താൻ പുറപ്പെട്ടാൽ ഈ കുട്ടികളുടെ കാര്യം നോക്കാൻ സാധിക്കില്ല. ഈ സ്കൂളുകളെ പ്രത്യേകമായൊരു

പരിഗണനയിൽവച്ച് നൂറ് വിദ്യാർത്ഥികളിൽക്കൂടുതലുള്ള സ്കൂളുകളെ പരിഗണിക്കാനെടുത്ത തീരുമാനം ഇത്രയും കാലമായിട്ടും നടപ്പായില്ല. സർക്കാർ ഒരു തീരുമാനമെടുത്താൽ അതിന്റെ ഇംപ്ലിമെന്റേഷൻ എങ്ങനെയാണ് എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് നിങ്ങളെടുത്തിരിക്കുന്ന ഈ തീരുമാനം. 2014-ൽ എടുത്ത തീരുമാനം ഇതുവരെ പ്രബല്യമായിട്ടില്ല. ഇപ്പോൾ 50 കുട്ടികളായി കുറച്ചു. ഓരോ സ്കൂളിന്റെയും പ്രവർത്തനനിലവാരം നോക്കികൊണ്ട് ഗവൺമെന്റ് തീരുമാനിച്ചതായിരിക്കാം. നിലവിൽ അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർ കഴിവുനേടിയവരാണ്. പല സ്കൂളിനെക്കുറിച്ചും എനിക്കറിയാം. അവിടെ അവർക്ക് സംരക്ഷണം കൊടുത്തുകൊണ്ട് ഭാവിയിൽ വരുന്ന നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട് ഈ പ്രശ്നത്തിന് ഒരു തീരുമാനമെടുക്കുന്നതായിരിക്കും ഉചിതം. ഇപ്പോൾ അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരെ പുറത്തുവിടേണ്ട കാര്യമില്ല. ഭാവിയിൽ വരുന്ന ഒഴിവുകൾ പി.എസ്.സി. ക്ക് വിടാതെ ഇങ്ങനെ തുടർന്നാൽ നാളെയിത് വലിയൊരു അഴിമതി കേന്ദ്രമായി മാറും. കുട്ടികളെ നോക്കാൻ സാധിക്കുന്ന സ്ഥിതിയല്ല ഭാവിയിൽ വരാൻ പോകുന്നത്. അതുകൊണ്ട് കരുതലോടുകൂടി തീരുമാനിക്കേണ്ട ഒരു വിഷയമായതുകൊണ്ട് ഭാവിയിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാനും ഇപ്പോൾ ഇവിടെ പഠിപ്പിക്കുന്ന അദ്ധ്യപകർക്ക്

സംരക്ഷണം കൊടുക്കാനുമുള്ള തീരുമാനം ഗവൺമെന്റിന് എടുത്തുകൂടെ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, വലിയ കാലതാമസമുണ്ടായിട്ടില്ല. കഴിഞ്ഞ ജൂൺ മാസത്തിലാണ് ക്യാബിനറ്റ് തീരുമാനിച്ചത്. നവംബർ മാസം 30-ാം തീയതിവരെ അപേക്ഷ ക്ഷണിക്കാനുള്ള സമയംകൊടുത്തിരുന്നു. അതിനനുസരിച്ച് അപേക്ഷകൾ സ്ക്രൂട്ടിണൈസ് ചെയ്താണ് സ്ഥാപനങ്ങളുടെ എണ്ണം കണക്കാക്കുന്നത്. നൂറ് കുട്ടികളുള്ള സ്ഥാപനമെന്നു പറഞ്ഞപ്പോൾ ആ മേഖലയിൽ നിന്ന് വലിയ തോതിലുള്ള ആവശ്യങ്ങളും പരാതികളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഞങ്ങൾക്കും ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് നൂറ് കുട്ടികൾ എന്നത് അമ്പത് കുട്ടികൾ വരെയുള്ള സ്ഥാപനങ്ങൾ ഉൾപ്പെടുത്താമെന്ന് വന്നത്. ആയിരക്കണക്കിന് എയ്ഡഡ് സ്കൂളുകൾ, അതിൽ ഹൈസ്കൂളും ഹയർ സെക്കൻഡറി സ്കൂളുകളും നമുക്കുണ്ട്. അവിടെയുള്ള എല്ലാ നിയമനങ്ങളും അതാത് മാനേജ്മെന്റുകൾ നടത്തുന്നു. നല്ല മാനേജ്മെന്റുകളുമുണ്ട് കോഴ വാങ്ങുന്നവരുമുണ്ട്, ഇല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഒരു സ്ഥാപനം നടത്തുന്നത് ഞാൻ നേരത്തെ പറഞ്ഞതുപോലെ അധികവും ചാരിറ്റി ഓർഗനൈസേഷൻസാണ്. മാത്രമല്ല, അതിന് സുതാര്യതയുമുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ബന്ധപ്പെട്ട ഡി.പി.ഐ. നിയോഗിക്കുന്ന

പ്രതിനിധികൾ ഉൾപ്പെടെയുള്ള കമ്മിറ്റികളാണ് സ്റ്റാഫിനെ സെലക്ട് ചെയ്യുന്നത്. അതുകൊണ്ട് വലിയ തോതിലുള്ള അതിക്രമങ്ങളും അഴിമതിയുമുണ്ടാവുകയില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ഗവൺമെന്റിന്റെ സാമൂഹ്യപ്രതിബദ്ധത പ്രതിഫലിക്കുന്ന ഏറ്റവും വലിയ ഒരു തീരുമാനമാണ് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുക എന്നത്. ഞാൻ ചോദിക്കാൻ ഉദ്ദേശിച്ചകാര്യങ്ങൾ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും, ശ്രീ. വി.ഡി. സതീശനും ചോദിച്ചിട്ടുള്ളതാണ്. നിലവിലുള്ള അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ ആണ് ഒരു കാര്യം. അധികവും സേവനതത്പരരായിട്ടുള്ള കന്യാസ്ത്രീകളാണ്. എന്റെ മണ്ഡലത്തിൽ ഇത്തരത്തിലുള്ള അഞ്ച് സ്കൂളുകളുണ്ട്. അഞ്ചു സ്കൂളുകളും സഭയും മഠവും സൊസൈറ്റിയും കമ്മിറ്റിയും മറ്റും നടത്തുന്നതാണ്. പി.എസ്.സി.ക്ക് വിടുന്നത് നല്ല ആശയമാണ്, അത് സുതാര്യമാകണം. പക്ഷെ നിലവിലുള്ള ടീച്ചർമാർക്ക് ഒരു പ്രൊട്ടക്ഷൻ ലഭിക്കുന്ന വിധം ഒരു ക്ലോസ് വേണം. കാരണം സേവനതത്പരരായി അഞ്ചും പത്തും വർഷം ജോലി ചെയ്ത ആളുകളാണ്. ഇതിന് അംഗീകാരം വരുന്ന സമയത്ത് അവർ പുറത്താകാൻ ഇടവരരുത്. അതോടൊപ്പം കോഴ്സ്, കരിക്കുലം എന്നിവ ഏകീകൃത രൂപത്തിലാണോ, ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാൻ

നിലവിൽ ഏതെങ്കിലും സമിതിയുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ നേരത്തെ തന്നെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു, നിലവിലുള്ള ജീവനക്കാരെയും അദ്ധ്യാപകരെയും അവിടെത്തന്നെ നിലനിർത്താനാവശ്യമായ ക്രമീകരണങ്ങൾ ഇതിന്റെ വ്യവസ്ഥകളിൽ കൊണ്ടുവരും. തീർച്ചയായും പുതിയതായി വരുന്നവർക്കാണ് ഇതേ വിഷയത്തിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള കോഴ്സുകൾ പാസാകണമെന്ന് പറഞ്ഞത്. പാങ്ങപ്പാറയിൽ അതിനുള്ള സൗകര്യമുണ്ട്. പുതിയ രണ്ട് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇനിയും നമുക്ക് കേന്ദ്രങ്ങൾ ആവശ്യമാണെങ്കിൽ ചെയ്യുകയും ചെയ്യാം. സിലബസ് ഇപ്പോൾ തന്നെ നമ്മൾ ഉണ്ടാക്കിയിട്ടുണ്ട്. SERT മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടു രീതിയിലുള്ള കുട്ടികളുണ്ട്. ഇൻക്ലൂസീവ് എഡ്യൂക്കേഷനുള്ള കുട്ടികളുണ്ട്, ഇതു മാത്രമുള്ള സ്കൂളുകളുമുണ്ട്. അവിടെയൊക്കെത്തന്നെയും ഏകീകൃത സിലബസ് കൊണ്ടുവരാനുള്ള തീരുമാനമെടുത്തു അതിന്റെ എല്ലാ കാര്യങ്ങളും SERT പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഇന്ന് ലോകഭിന്നശേഷി ദിനമാണ്. ഇന്നേ ദിവസംതന്നെ ഈ ചോദ്യം സഭയുടെ മുന്നിൽ ചർച്ചയ്ക്കെടുത്തതിന്

അങ്ങയോട് പ്രത്യേക നന്ദി പറയുകയാണ്. ആദ്യത്തെ ചോദ്യകർത്താവ് ശ്രീ. എം. ഹംസ പറഞ്ഞതുപോലെ നിയമസഭാ കമ്മിറ്റിയുടെ ശിപാർശയ്ക്കകത്ത് വളരെ വിശദമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നൂറ്റി നാൽപ്പത്തിമൂന്നോളം സ്കൂളുകളെ ലിസ്റ്റ് ചെയ്ത് നിയമസഭാ കമ്മിറ്റിതന്നെ കൊടുത്തിട്ടുണ്ട്. അങ്ങ് പുറപ്പെടുവിച്ച ഉത്തരവിൽ എന്റെ ശ്രദ്ധയിൽ വന്ന രണ്ട് പരിമിതികളിൽ ഒന്ന്, 18 വയസ്സായി നിജപ്പെടുത്തിയിട്ടുള്ളതാണ്. 18 വയസ്സുണ്ടെന്ന് പറയുമ്പോഴും രണ്ടര വയസ്സിന്റെയോ മൂന്ന് വയസ്സിന്റെയോ ബുദ്ധിയായിരിക്കും സ്വാഭാവികമായും അവർക്ക് കാണുക. അതുകൊണ്ട് വയസ്സിൽ ഇളവുവരുത്താൻ കഴിയുമോയെന്നത് ഗവൺമെന്റ് ഗൗരവമായി ആലോചിക്കാണം. പി.എസ്.സി.ക്ക് ഇപ്പോൾ നിലവിലുള്ള ആളുകളെ ഉൾക്കൊണ്ടുകൊണ്ട് ഭാവിയിൽ ഇതിന്റെ പോസ്റ്റിംഗ് സംബന്ധിച്ച ഗൗരവതരമായ നിർദ്ദേശങ്ങൾ സഭയിൽ വന്നിട്ടുണ്ട്. അതോടൊപ്പം തന്നെ 20 സെന്റ് കോർപ്പറേഷൻ, 30 സെന്റ് മുനിസിപ്പാലിറ്റി, 50 സെന്റ് ഗ്രാമപഞ്ചായത്ത് എന്ന് ഈ ഉത്തരവിൽ പറയുന്നുണ്ട്. ഈ സ്ഥലം കണ്ടുപിടിക്കുന്നതിന് ഇത്തരം സ്ഥാപനങ്ങൾക്ക് പരിമിതികളുണ്ടെന്നുള്ളതുകൊണ്ട് സർക്കാർ തലത്തിൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം തന്നെ കെട്ടിടങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനെ സംബന്ധിച്ചുകൂടി ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഒരു സഹായവും ലഭിക്കാത്ത ഒരു മേഖലയിലേക്ക് കൂടുതൽ സഹായവും അംഗീകാരവും നൽകുകയാണ്. എല്ലാംകൂടി ഒരുമിച്ച് നൽകാൻ കഴിയില്ല. അതുകൊണ്ടാണ് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ 20 സെന്റ്, 30 സെന്റ്, 50 സെന്റ് എന്നീ കണക്കിൽ വളരെ കുറച്ച് സ്ഥലമേ വച്ചിട്ടുള്ളൂ. അപ്പോൾതന്നെ കെട്ടിടങ്ങൾക്ക് പണം കൊടുക്കണമെന്നാണ് പറയുന്നത്. അതിലേയ്ക്ക് സ്റ്റെപ്പ് ബൈ സ്റ്റെപ്പായി പോകാം. ഗവൺമെന്റ് ഇതിനുവേണ്ടിയുള്ള മാനദണ്ഡങ്ങളുണ്ടാക്കുമ്പോൾ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള നല്ല നിർദ്ദേശങ്ങൾ തീർച്ചയായും സ്വീകരിക്കുന്നതാണ്. 18 വയസ്സിനെ സംബന്ധിച്ചുള്ളത് ഇപ്പോഴുള്ള നിയമമാണ്. ഇത്തരം സ്ഥാനപനങ്ങളിൽ 18 വയസ്സിൽ കൂടുതലുള്ള കുട്ടികളെ ഒരുമിച്ച് താമസിപ്പിക്കാൻ പാടില്ലെന്നത്. മാനസികമായ പരിമിതികൾ അവർക്കുണ്ടെങ്കിലും അവരുടെ പ്രായത്തിനനുസരിച്ചുള്ള ശരീരഘടനയായിരിക്കും മിക്കപ്പോഴും. അതുകൊണ്ടുതന്നെ അവരെ മറ്റു കുട്ടികളോടൊപ്പം താമസിപ്പിക്കാൻ കഴിയില്ല. പ്രത്യേകമായി അവരെ പുനരധിവസിപ്പിക്കാൻ വേണ്ട എന്തു സംവിധാനമുണ്ടാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തിയത്. എന്നാൽ അത് പൂർണ്ണമായിട്ടില്ല. അതുകൂടി ഗവൺമെന്റിന്റെ

പരിഗണനയിലുള്ള വിഷയമാണ്. 18 വയസ്സുകഴിഞ്ഞതുകൊണ്ട് അവരെ പുറത്തുവിട്ട് നാഥനില്ലാത്ത അവസ്ഥയുണ്ടാക്കരുതെന്നുതന്നെയാണ് ഗവൺമെന്റിന്റെ നയം.

## കയർ മേഖലയിലെ പ്രതിസന്ധി

(*93). ശ്രീ. എ.എം. ആരിഫ്:
ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. കെ. ദാസൻ:
ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ കയർ തൊഴിലാളികൾക്ക് ആശ്വാസം പകരാൻ സഹായകമായിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് കയർ തൊഴിലാളികൾ അടുത്തകാലത്ത് സമരം നടത്തുകയുണ്ടായോ; എങ്കിൽ പ്രസ്തുത സമരത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; സർക്കാരിനെയും സംഘടനയെയും പ്രതിനിധീകരിച്ച് ചർച്ചകളിൽ പങ്കെടുത്തവർ ആരെല്ലാമായിരുന്നു;

(ഇ) ഇത സംബന്ധിച്ച ഒത്തുതീർപ്പ വ്യവസ്ഥകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ച വരുന്നു. ചകിരിയുടെ ദൗർലഭ്യം കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അംഗസംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിച്ച കയറിന് നൽകാനുള്ള തുകയായ 6.50 കോടി രൂപ കയർഫെഡിന് നടപ്പുവർഷം അനുവദിച്ചു. തൊണ്ട് സംഭരിച്ച് ചകരിയാക്കുന്നതിന് ഒരു പുതിയ പദ്ധതിയും നാളികേര വികസന ബോർഡുമായിട്ടുള്ള 102.79 ലക്ഷം രൂപയുടെ പ്രോജക്ടിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ അനുവദിച്ചു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി

സർക്കാർ സ്വീകരിച്ച നടപടികളെ തുടർന്ന് ഈ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി തൊഴിലാളികൾക്ക് ആശ്വാസം പകരാനും സഹായകമായിട്ടുണ്ട്. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്ത മൂലധനം, സ്ഥിരമൂലധനം എന്നിവ കൂടാതെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരമുള്ള ധനസഹായവും 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെത്തുടർന്ന് ഉത്പ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്.

(സി)കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കയർ തൊഴിലാളികൾ അടുത്തകാലത്ത് സമരം നടത്തുകയുണ്ടായിട്ടുണ്ട്. കയർ വ്യവസായം സംരക്ഷിക്കുക, തൊഴിലും കൂലിയും ഉറപ്പുവരുത്തുക, തൊഴിൽ അല്ലെങ്കിൽ ആശ്വാസ ധനം നൽകുക, കയർ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 3 കോടി രൂപ നൽകുക, 6 മാസമായി പെൻഷൻ കിട്ടുന്നില്ല, കുടിശ്ശിക ഉടൻ നൽകുക, പെൻഷൻ 1000/- രൂപയായി വർദ്ധിപ്പിക്കുക, തൊണ്ടും ചകിരിയും സംഭരിച്ച് നൽകാനുള്ള നടപടികൾ സ്വീകരിക്കുക, സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകുക, നിലവിലുള്ള കടബാധ്യതകൾ എഴുതി തള്ളുക, ജപ്തി നടപടികൾ നിർത്തി വയ്ക്കുക, ഉൽപ്പാദന ക്ഷമതയുള്ള യന്ത്രവൽകൃത റാട്ടുകളും

ല്യമുകളും തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കും നൽകുക, ക്രയവില സ്ഥിരതാ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുക എന്നിവ ആയിരുന്നു സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ.

(ഡി) സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ബഹുമാനപ്പെട്ട റവന്യൂ-കയർ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.04.2015-ന് സർക്കാർ ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയെ കൂടാതെ സർക്കാരിനെ പ്രതിനിധീകരിച്ച് കയർ വകുപ്പുസെക്രട്ടറി ശ്രീമതി റാണി ജോർജ്ജ് ഐ.ഐ.എസ്., കയർ വികസന വകുപ്പുഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന അഡീഷണൽ കയർ വികസന ഡയറക്ടർ ശ്രീമതി കെ.എസ്. അനിത എന്നിവരും ചർച്ചയുൽ പങ്കെടുത്തു.

തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് താഴെ പറയുന്നവർ ചർച്ചയിൽ പങ്കെടുത്തു.

1. ഡോ.ടി.എം. തോമസ് ഐസക്, എം.എൽ.എ, പ്രസിഡന്റ് കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു)

2. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ, പ്രസിഡന്റ് കേരള സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ (എ.ഐ.റ്റി.യു.സി)

3. ശ്രീ. ആനത്തലവട്ടം ആനന്ദൻ, ജനറൽ സെക്രട്ടറി, കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു)

4. ശ്രീ. എ. കെ. രാജൻ, ഐ.എൻ.റ്റി.യു.സി

5. ശ്രീ. വി. സി. അലോഷ്യസ്, ഐ.എൻ.റ്റി.യു.സി

6. ശ്രീ. കെ.കെ. ഗണേശൻ, കേരള കയർ വർക്കേഴ്സ് സെന്റർ, സി.ഐ.റ്റി.യു.

7. അഡ്വ.എൻ. സായികുമാർ, കേരള കയർ വർക്കേഴ്സ് സെന്റർ, സി.ഐ.റ്റി.യു.

8. ശ്രീ. പി. വി. സത്യനേശൻ, ജനറൽ സെക്രട്ടറി,കേരള സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ, എ.ഐ.റ്റി.യു.സി.

9. അഡ്വ. കെ. രത്നകുമാർ, ജനറൽ സെക്രട്ടറി, ആൾ കേരള കയർ തൊഴിലാളി ഫെഡറേഷൻ, യു.റ്റി.യു.സി.

10. ശ്രീ. പൂന്തുറ സജി, സെക്രട്ടറി, യു.റ്റി.യു.സി.

11. ശ്രീ. എസ്. എൻ. സജി കുമാർ, സി.ഐ.റ്റി.യു.

12. ശ്രീ. ആർ. ദേവരാജൻ, ഐ.എൻ.റ്റി.യു.സി.

13. അഡ്വ. വി. മോഹൻദാസ്, കയർ യൂണിയൻ പ്രസിഡന്റ്, ജില്ലാ കമ്മിറ്റി ഓഫീസ്, എ.ഐ.യു.റ്റി.സി.

(ഇ) കയർഫെഡ് സംഘങ്ങൾക്ക് നൽകുവാനുണ്ടായിരുന്ന 6.5 കോടി രൂപ

സർക്കാർ അനുവദിച്ചു നൽകി. കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതിയിൻ കീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായി. സംഘങ്ങളിൽ സ്റ്റോക്കുള്ളതും ഉൽപ്പാദിപ്പിക്കുന്നതുമായ കയർ കയർഫെഡ് സംഭരിച്ചുവരുന്നു. പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ പ്രവർത്തന മൂലധനം നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

കയർ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, അങ്ങ് ഇക്കാര്യങ്ങൾ പറയുമ്പോൾതന്നെ കയർ മേഖല ആകെ പ്രതിസന്ധിയിലും പട്ടിണിയിലുമാണ്. തൊഴിലാളികൾക്ക് ജോലിയില്ല. കയർ മേഖലയുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളും ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. പി. തിലോത്തമനും ശ്രീ. ആനത്തലവട്ടം ആനന്ദനുൾപ്പെടെയുള്ള നേതാക്കൻമാരുമെല്ലാം പങ്കെടുത്ത വലിയ സമരം കയർ മേഖലയിൽ നടന്നതിനുശേഷം അങ്ങുമായി ചർച്ച നടന്നത് 4-4-2015 -ലാണ്. ചർച്ച നടന്നിട്ട് ഇപ്പോൾ എട്ടുമാസമായി. ഇപ്പോഴും മറുപടിയിൽ പറയുന്നത്,

പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ പ്രവർത്തന മൂലധനം നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണെന്നാണ്. കൂടാതെ അങ്ങ് പറഞ്ഞ മറുപടിയിലും ഇത്തരത്തിലുള്ള ഡീഫൈബറിംഗ് യൂണീറ്റുകളും മറ്റു കാര്യങ്ങളും കൊടുക്കുന്നതിനുവേണ്ടി കയർ ബോർഡുമായി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ്. കഴിഞ്ഞ നാലഞ്ച് കൊല്ലക്കാലമായി ഇതുമായി ബന്ധപ്പെട്ട കുറേയധികം ചോദ്യങ്ങൾ ഈ സഭയിൽ വന്നിട്ടുണ്ട്. അതിനെല്ലാം ഇതേ മറുപടിയാണ് ലഭിക്കുന്നത്. കയർഫെഡിന് പണം അനുവദിച്ചുവെന്ന് പറഞ്ഞു, എടുത്ത കയറിനുള്ള പണം കൊടുക്കുവാനുള്ള തീരുമാനം പോലും നടപ്പാക്കിയിട്ടില്ല. ചകിരിയ്ക്കുപകരം കയറാണ് തമിഴ്നാട്ടിൽ നിന്നും വരുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള എന്ത് നടപടിയാണ് സർക്കാർ അടിയന്തരപ്രാധാന്യത്തോടെ ചെയ്യാൻ പോകുന്നത്; ഇൻകം സപ്പോർട്ട് സ്കീം കാലാനുസൃതമായി പരിഷ്കരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യത്തെക്കുറിച്ച് കാര്യമായ പഠനം നടത്തിയശേഷമാണോ ചോദിക്കുന്നതെന്ന സംശയമുണ്ട്.

കയർഫെഡ് സംഭരിച്ച കയറിന് കൊടുക്കാനുണ്ടായിരുന്ന ആറര കോടി രൂപ സമയബന്ധിതമായി കൊടുത്തുകഴിഞ്ഞു. കയർഫെഡ് പണം കൊടുക്കാനുണ്ടെന്ന് പറയുന്നത് തെറ്റാണ്. കയർഫെഡ് അത് കൊടുത്തുകഴിഞ്ഞു. ചർച്ചകൾ നടത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ ഈ മേഖലയിൽ പണിചെയ്യുന്ന തൊഴിലാളികൾക്ക് കൂലി വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റാണ് സ്വീകരിച്ചത്. കയർപിരി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 150 രൂപയുണ്ടായിരുന്ന കൂലി 300 രൂപയായി ഉയർത്തിക്കൊടുത്തു. ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയത് ഈ ഗവൺമെന്റാണ്. കഴിഞ്ഞ ഗവൺമെന്റ് തുടക്കം കുറിച്ചെങ്കിലും അന്ന് പണം ചെലവഴിക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് അതിനുവേണ്ടി നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി 54 കോടി രൂപ ഇതിനോടകം തന്നെ ഇൻകം സപ്പോർട്ട് സ്കീമിലൂടെ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ രംഗത്ത് പ്രതിസന്ധിയുണ്ടെന്ന് പറയുമ്പോഴും ഉത്പ്പാദനം വർദ്ധിപ്പിക്കുകയും അതിനനുസരിച്ച് വ്യവസായ രംഗത്ത് പുത്തൻ ഉണർവ് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നത് പരമാർത്ഥമാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)